6

# സുവിശേഷപ്രസംഗം അതിന്റെ പൂർണ്ണതയോടെ ആരംഭിക്കുന്നു

## (2:14- 36)

"പത്രൊസ് ആദ്യമായി സുവിശേഷം പ്രസംഗിച്ചു" എന്നു നാം ചിലപ്പോൾ പറയാറുണ്ട്. "സുവിശേഷം" എന്ന വാക്കിന്റെ അർത്ഥം "നല്ല വിശേഷം"[1] എന്നാണ്. "*സുവിശേഷ*വിവരങ്ങൾ" എന്നറിയപ്പെടുന്നതാണ് മത്തായി, മർക്കൊസ്, ലൂക്കോസ്, യോഹന്നാൻ എന്നീ പുസ്തകങ്ങൾ (മർക്കൊസ് 1:1); അതായതു, യേശുവിന്റെ ജീവിതത്തെക്കുറിച്ചും ശുശ്രൂഷയെക്കുറിച്ചും ഉള്ള നല്ലവിശേഷം അവ നല്കുന്നു എന്നർത്ഥം. യേശുവിന്റെ ജനനവും "നല്ലവിശേഷം" ആയിരുന്നു (ലൂക്കോസ് 2:10; KJV പറയുന്നതു "സന്തോഷവാർത്തകൾ" എന്നാണ്). യേശു വ്യക്തിപരമായ ശുശ്രൂഷ തുടങ്ങിയപ്പോൾ, സുവിശേഷം പ്രസംഗിച്ചു (ലൂക്കൊസ് 4:18; മത്തായി 11:5; ലൂക്കോസ് 7:22; 9:6; 20:1 നോക്കുക), പ്രത്യേകമായി "രാജ്യത്തെക്കുറിച്ചുള്ള സുവിശേഷം" (മത്തായി 4:23; 9:35; 24:14; മർക്കോസ് 1:14, 15 നോക്കുക). ദൈവരാജ്യം "ആസന്നമായിരിക്കുന്നു" എന്ന സുവിശേഷം ആണ് അവൻ പ്രസംഗിച്ചത് (മത്തായി 4:17).

പ്രവൃത്തി 2നു മുൻപു "സുവിശേഷം" "സുവിശേഷം പ്രസംഗിക്കൽ" എന്നിവയെ, സൂചിപ്പിക്കുന്ന വാക്കുകൾ സൂചിപ്പിച്ചിരിക്കെകൊണ്ടു പത്രോസാണ് *പൂർണ്ണതയോടുകൂടി* ആദ്യം സുവിശേഷം പ്രസംഗം നടത്തിയതു എന്നാക്കിയാൽ വളരെ നന്നായിരിക്കും. സുവിശേഷത്തിന്റെ കാതലായ ഭാഗം യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയാണെന്നു പൗലോസ് 1 കൊരിന്ത്യർ 15:1–4 വരെയുള്ള, വേദഭാഗത്തു പറയുന്നുണ്ട്. ഈ വലിയ സത്യം യേശുവിന്റെ ഉയിർപ്പു *വരെ* പ്രസംഗിക്കാൻ കഴിഞ്ഞിരുന്നില്ല. പത്രൊസ് അതു ആദ്യമായി ചെയ്തു പ്രവൃത്തി 2:14–36.

ക്രിസ്തുവിനെ പത്രൊസ് മത്തായി 16-ൽ ഏറ്റു പറഞ്ഞപ്പോൾ, തനിക്കു ഈ പ്രസംഗം നടത്തുവാനുള്ള വാഗ്ദാനം യേശു നല്കിയിരുന്നു. പത്രൊസിനെ നിങ്ങളുടെ മനസിൽ ചിത്രമായി സൂക്ഷിക്കുക: പുറമെ നിന്നു പത്രൊസിനെ നോക്കിയാൽ നീണ്ട, വലിയ മനുഷ്യൻ നിവർന്നു, ജനക്കൂട്ടം ശാന്തമായിട്ടു വേണം, മുൻപ് ഒരു മനുഷ്യനും പ്രസംഗിച്ചിട്ടില്ലാത്ത വലിയ പ്രസംഗം നടത്തുവാൻ. ആഴ്ചകൾക്കു മുൻപു, അവൻ തള്ളിപ്പറഞ്ഞവനെ; ഇപ്പോൾ പ്രഖ്യാപിക്കാൻ പോകുന്നു!

ധാരാളം പ്രാവശ്യം നിങ്ങൾ പത്രൊസിന്റെ വാക്കുകൾ കേട്ടിരിക്കാം, പക്ഷേ ഇപ്പോൾ ആദ്യമായിട്ടെന്നപോലെ കേൾക്കുവാൻ പോകുന്നു. ഈ വലിയ "ആദ്യസുവിശേഷം പ്രസംഗം" അതീവപ്രാവീണ്യം; നിറഞ്ഞതു തന്നെ ആയിരുന്നു. അവിശ്വസനീയ കരുണയാൽ മറെയ്ക്കപ്പെടുന്ന ഊഹിക്കാൻ പറ്റാത്തകുറ്റം ഉൾക്കൊള്ളുന്ന സന്ദേശം.

താനും കൂടെയുള്ള മറ്റു അപ്പൊസ്തലന്മാരും ലഹരി പിടിച്ചിരിക്കുന്നു എന്ന ആരോപണത്തെ ഖണ്ഡിച്ചു കൊണ്ട് പത്രൊസ് തുടങ്ങി.

> അപ്പോൾ പത്രൊസ്, പതിനൊന്നു,[2] പേരോടുകൂടെ നിന്നു കൊണ്ടു ഉറക്കെഅവരോടു പറഞ്ഞതു: "യെഹൂദ പുരുഷന്മാരും, യെരുശലേമിൽ,[3] പാർക്കുന്ന എല്ലാവരുമായുള്ളോരേ, ഇതു നിങ്ങൾ അറിഞ്ഞിരിക്കട്ടെ. എന്റെ വാക്കു ശ്രദ്ധിച്ചു കൊൾവിൻ, നിങ്ങൾ ഊഹിക്കുന്നതുപോലെ, ഇവർ ലഹരി പിടിച്ചവരല്ല, പകൽ മൂന്നാം മതി നേരമേ ആയിട്ടുള്ളുവല്ലൊ" (വാക്യം 14, 15).

"പകൽ മൂന്നാം മണിനേരം" എന്നതു നമ്മുടെ കാലത്ത് മണിയാണ്.[4] ഞാൻ വളർന്ന സ്ഥലത്തു; പത്രൊസിന്റെ വാദം ഒന്നുമല്ല; ആളുകൾ പകലും രാത്രിയും സമയ വ്യത്യാസമില്ലാതെ മദ്യപിക്കുന്നു! പത്രൊസിന്റെ സദസ്യർക്കു, ഈ വാദം ശക്തമായിരുന്നു, യഥാർത്ഥ യെഹൂദൻ ശബ്ബത്ത് നാളിലോ ഒഴിവുദിവസങ്ങളിലോ രാവിലെ 9 മണിക്കു മുൻപായി തിന്നുകയോ കുടിക്കുകയോ ചെയ്തിരുന്നില്ല.[5]

### യോവേലിന്റെ പ്രവചനം (2:16-21)

ജനക്കൂട്ടം കണ്ടതും കേട്ടതും പുതുവീഞ്ഞു കുടിച്ചതിന്റെ ഫലമായുണ്ടായതല്ല, മറിച്ചു അവരുടെ മേൽ പരിശുദ്ധാത്മാവു പകർന്നതിന്റെ ഫലമായുണ്ടായതാണെന്നും പത്രൊസ് പിന്നീട് വിശദമാക്കി, "... ഇതു യോവേൽ: 'പ്രവാചകൻ മുഖാന്തരം അരുളിചെയ്തത്രേ,' അതെന്തെന്നാൽ, 'അന്ത്യകാലത്തു ഞാൻ സകലജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും നിങ്ങളുടെ യൗവനക്കാർ ദർശനങ്ങൾ ദർശിക്കും നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും' " (വാക്യം 16, 17). പത്രൊസ് ഉദ്ധരിച്ചത് യോവേൽ 2:28-32 ആണ്.[6] പത്രൊസ് ആദ്യമായി "അന്ത്യകാലത്തെ"[7] കുറിച്ചു പറഞ്ഞു. യെഹൂദന്, "അന്ത്യകാലമെന്നതു" മശിഹയുടെ വാഴ്ച്ചയാണ്.[8] "നൂറ്റാണ്ടുകളായി നിങ്ങൾ കാത്തിരുന്ന ആ നിമിഷം ഇതാണ്! എന്നത്രേ

ഫലത്തിൽ അവൻ പറഞ്ഞത് അന്ത്യകാലം വന്നു!" പിന്നീട്, എബ്രായ ലേഖകൻ പറയുന്നു, "ദൈവം, ... *ഈ അന്ത്യകാലത്തു* തന്റെ പുത്രൻ മുഖാന്തരം സംസാരിക്കുന്നു" (എബ്രായർ 1:1, 2; എംഫസിസ്മൈൻ).[9] ചിലർ വിചാരിക്കുന്നതു "ആ അന്ത്യകാലം" വരുന്നേയുള്ളൂ എന്നാണ്,[10] എന്നാൽ നാം ഇപ്പോൾ ജീവിക്കുന്നതു[11] "അന്ത്യകാലത്താണ്." വീണ്ടും വന്നു എല്ലാവരേയും ന്യായം വിധിക്കുന്നതു വരെ ക്രിസ്തീയ കാല ഘട്ടം അന്ത്യകാലത്ത്!

യോവേലിന്റെ പ്രവചനം, അനുസരിച്ചു "അന്ത്യനാളിൽ" എന്തു സംഭവിക്കും?

> "അന്ത്യകാലത്തു" "ഞാൻ സകല ജഡത്തിന്മേലും[12] എന്റെ ആത്മാവിനെ പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ യൗവനക്കാർ ദർശനങ്ങൾ ദർശിക്കും; നിങ്ങളുടെ വൃദ്ധമാർ സ്വപ്നങ്ങൾ കാണും.[13] എന്റെ ദാസന്മാരുടെ,[14] മേലും ദാസിമാരുടെമേലും, കൂടെ ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും. അവരും പ്രവചിക്കും" (വാക്യം 17, 18).

മലാഖി എഴുതിതീർന്നു കഴിഞ്ഞപ്പോൾ, "അന്ത്യകാലത്തു," മശിഹാ വന്നു പ്രവചനം സംഭവിക്കുന്നതുവരെ പ്രവചനം ഭൂമിയിൽ നിന്നു പോയി എന്നു യഹൂദന്മാർ മനസിലാക്കിയിരുന്നു. അവർ യോഹന്നാൻ സ്നാപകന്റെ പ്രസംഗം, ആവേശത്തോടെയാണ് അവർ കേട്ടത്. കാരണം പ്രവചനപുതുക്കലിന്നു അവർ വിപുലീകരിക്കപ്പെടുകയാണെന്നാണ് പത്രൊസ് പറഞ്ഞതു. പത്രൊസ് അവരോട് പറഞ്ഞു അവർ കണ്ടത് പരിമിതമായ രീതിയിലായിരുന്നു, അത് യേശുവിന്റെയും യോഹന്നാന്റെയും ശുശ്രൂഷാവേളയിൽ കുറച്ചു പേർക്കായിരുന്നത്, വിപുലീകരിച്ചു. ആത്മാവു പകർന്നതായിട്ടു, വലിയകാറ്റടിച്ചതും, അഗ്നിജ്വാല പോലെയുള്ള നാവുകൾ പ്രത്യക്ഷമായതും അന്യഭാഷയിൽ സംസാരിക്കയും സൂചിപ്പിക്കുന്നു! മുൻപുകുറച്ചു പേർക്കായിരുന്നെങ്കിൽ ഇപ്പോൾ യോവേൽ പ്രവചിച്ചതുപോലെ അന്ത്യകാലത്തു[15] "സകല ജഡത്തിന്മേലും" – ആത്മാവു പകരും എന്നതു ലിംഗഭേദമെന്യേ,[16] പ്രായവ്യത്യാസമില്ലാതെ,[17] സാമൂഹ്യനിലവാരം[18] കണക്കാക്കാം. ("സകല ജഡത്തിന്മേലും" എന്നതു ഭൂമിയിലെ[19] എല്ലാ വ്യക്തികളിലും എന്നല്ല എന്ന് ശ്രദ്ധിക്കുക അതു സൂചിപ്പിക്കുന്നതു മനുഷ്യരിൽ പ്രാതിനിധ്യമുള്ള "എല്ലാവരിലും" എന്നാണ്.)

നിങ്ങളുടെ ബൈബിളിലെ 17 ഉം 18 ഉം വാക്യങ്ങളിലെ "പ്രവചനം" എന്ന വാക്ക് അടിവരയിടുക. പ്രവചനം ദൈവത്തിനു വേണ്ടി നടത്തേണ്ടിയിരുന്നു.[20] അപ്പൊസ്തലന്മാർ' അത്ഭുതകരമായി അനേക ഭാഷകളിൽ സംസാരിക്കയായിരുന്നില്ല, അവർ *ദൈവത്തിനു വേണ്ടി* സംസാരിക്കയായിരുന്നു! താനും മറ്റു അപ്പൊസ്തലന്മാരും ദൈശ്വാസീയമായിട്ടാണ് സംസാരിച്ചതെന്നു പത്രൊസ് ധൈര്യമായി പ്രസ്താവിച്ചു!

ക്രിസ്തുവിനെയും അവന്റെ ഉയിർപ്പിനെകുറിച്ചുള്ള വലിയ പ്രസംഗം നടത്തുവാൻ പത്രൊസ് തയ്യാറായി. 22-ാം വാക്യത്തിൽ, തന്റെ അവതര

ണത്തിന്റെ മുഖ്യഭാഗം, ഉള്ള ഭാഗത്തേക്കു പെട്ടെന്നു ഒന്നു കടക്കട്ടെ, എന്നാൽ "19 മുതൽ 21 വരെയുള്ള വാക്യങ്ങളുടെ അർത്ഥം എന്തെന്ന ചോദ്യം മുഴങ്ങി കേൾക്കുന്നു?"

> " 'ഞാൻ മീതെ ആകാശത്തിൽ അത്ഭുതങ്ങളും താഴെ അടയാള ങ്ങളും കാണിക്കും, രക്തവും, തീയും, പുകയാവിയും തന്നെ. കർത്താവിന്റെ വലുതും പ്രസിദ്ധവുമായ നാൾ വരുമ്മുമ്പെ സൂര്യൻ ഇരുളായും, ചന്ദ്രൻ രക്തമായും മാറിപോകും, എന്തെന്നാൽ കർത്താവിന്റെ വലുതും പ്രസിദ്ധവുമായ നാൾ വരുമ്മുമ്പെ സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും മാറിപോകും. എന്തെന്നാൽ കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവൻ ഏവനും രക്ഷിക്ക പ്പെടും എന്നു ദൈവം അരുളിച്ചെയ്യുന്നു.' "

പത്രോസ് ഈ വാക്കുകൾ ഉദ്ധരിച്ചതു, യോവേലിന്റെ പ്രവചനത്തിന്റെ പൂർണ്ണത നല്കുവാനാണ്, പക്ഷേ അവൻ അതിനെ വിശദീകരിക്കുന്നി ല്ല. പത്രോസിന്റെ സന്ദേശം മനസിലാക്കുവാൻ ഈ വാക്കുകളുടെ അർത്ഥം, മനസിലാക്കേണ്ട ആവശ്യമില്ല, ആകാംഷ നിമിത്തം, എങ്ങനെയായാലും 19 മുതൽ 21 വരെയുള്ള ഭാഗത്തെ വെളിപ്പാട്[21] ഭാഷ നമുക്കു പരിഗണിക്കാം. ഇത്തരം ഭാഷ അക്ഷരികമായി എടുക്കരുത്; *അലങ്കാരികമായിട്ടാണ്* അതു പഠിപ്പിക്കുന്നത്. "ദൈവം പ്രത്യേക രീതി യിൽ അനുഗ്രഹിക്കയോ ശപിക്കുകയോ ചെയ്യുന്ന സന്ദർഭങ്ങളെ കാണി ക്കുന്നതാണ്."[22] സൂര്യൻ ചന്ദ്രൻ തുടങ്ങിയ പ്രയോഗങ്ങൾ. പഴയ നിയ മത്തിലുടനീളം ഇത്തരം പ്രയോഗങ്ങൾ കാണാം (യെശയ്യാവ് 13:6, 10, 11; യെഹെസ്കേൽ 32:2, 7, 8; ആമോസ് 5:18, 20). ലോകാവസാന ത്തെയും സൂചിപ്പിച്ചു ഇത്തരം വാക്കുകൾ ഉപയോഗിച്ചിട്ടുണ്ട്.[23] (ആ ദിവസം, ദൈവം തീർച്ചയായും പ്രത്യേക രീതിയിൽ അനുഗ്രഹിക്കയും ശിക്ഷി ക്കയും ചെയ്യും!) ദൈവത്തിന്റെ പദ്ധതിയുടേയും ഉദ്ദേശത്തിന്റേയും ഉച്ച സ്ഥായിയാണ് അതു പലപ്പോഴും.

ഇതു മനസിൽ വെച്ചുകൊണ്ടു, "യോവേലിന്റെ വാക്കുകൾ 19 മുതൽ 21 വരെയുള്ള എന്തു സംഭവമാണുണ്ടാകുന്നതെന്നു നോ ക്കാം?"[24] അനേ കർ വിചാരിക്കുന്നതു അതു "അന്ത്യകാലത്തിന്റെ" *അവസാന* ലക്ഷണ മാണെന്നാണ്, ക്രിസ്തു വീണ്ടും വരുമ്പോൾ ഈ ലോകം പിന്നെ ഉണ്ടാ കയില്ല.[25] അതു ശരിയാണ്, പക്ഷേ ആ വിവരണത്തിൽ എനിക്കു ഒരു പ്രശ്നം നേരിട്ടുണ്ട്. 19ഉം 20ഉം വാക്യങ്ങൾക്കു ശേഷമാണ് 21-ാം വാക്യ മാണ് വരുന്നത്: "കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവൻ ഏവനും രക്ഷിക്കപ്പെടും, കർത്താവു വരുമ്പോൾ അവന്റെ നാമം *പെന്തെ കൊസ്തു നാളാണ്.* അന്നു ദൈവം ആകാശത്തേയും ഭൂമിയേയും ഇല്ലാ താക്കും." ആദ്യമായി സുവിശേഷം പ്രസംഗിക്കുവാനും സഭയുടെ അവിർഭാവത്തിനുമാണത്.[26] (പ്രസംഗാവസാനം, പത്രോസ് അവരോടു *എങ്ങനെയാണ്* "കർത്താവിന്റെ നാമം രക്ഷിക്കപ്പെടുവിൻ വിളിച്ചപേ ക്ഷിക്കണം" എന്നു പറയുന്നുണ്ട്.[27])

## യേശു എന്ന വ്യക്തി (2:22-24)

തന്റെ കേൾവിക്കാർ *അറിയേണ്ടതു* എന്തെന്ന് വിശദീകരിച്ചശേഷം (അവർ കാണുകയും കേൾക്കുകയും ചെയ്തതു), അവർ പിന്നെ അറിയേണ്ടത് *ആവശ്യമായിരുന്നു.* യേശുവിനെ കുറിച്ചു പറഞ്ഞപ്പോൾ പത്രൊസിന്റെ മുഖത്തു നിഴലിട്ട ഗൗരവം എനിക്കു സങ്കല്പിക്കാൻ കഴിയും. "യിസ്രായേൽ പുരുഷന്മാരേ," "ഈ വചനം കേട്ടുകൊൾവിൻ: നിങ്ങളുടെ നടുവിൽ ചെയ്യിച്ച ശക്തികളും അത്ഭുതങ്ങളും അടയാളങ്ങളും[29] കൊണ്ടു ദൈവം നിങ്ങൾക്കു കാണിച്ചു തന്ന പുരുഷനായ നസ്രായനായ യേശുവിനെ,[28] അംഗീകരിച്ച [KJV; അധികാരപ്പെടുത്തിയ, NIV താണ്]" (വാക്യം 22). യേശു ചെയ്ത പ്രവൃത്തികൾ, "ഒരു കോണിൽ നടന്നതല്ല" (26:26); അവൻ ചെയ്ത അത്ഭുത പ്രവൃത്തികൾ എല്ലാവർക്കും അറിയാമായിരുന്നു എന്നതാണ് വസ്തുത (യോഹന്നാൻ 9:16; 12:37).[30] യേശു ഭൂമിയിൽ ആയിരുന്നപ്പോൾ, നിക്കൊദേമോസ് പറഞ്ഞതു തന്നെയാണ് പത്രോസ് പറഞ്ഞതു. "ദൈവം [തന്നോടു] കൂടെയില്ലെങ്കിൽ" നീ ചെയ്യുന്ന അടയാളങ്ങൾ ചെയ്വാൻ ആർക്കും കഴിയുകയില്ല (യോഹന്നാൻ 3:2)!

"നിങ്ങളുടെ നടുവിൽ" എന്നു പത്രൊസ് പറഞ്ഞതു, പാലസ്തീനിൽ താമസമാക്കിയവരോട് ആയിരിക്കാം, എന്നാൽ "നിങ്ങൾ തന്നേ അറിയും പോലെ," എന്നതു പറയുമ്പോൾ അവൻ തന്റെ കൈ വിശാലവും വിസ്തൃതവുമാക്കുന്നു. കഴിഞ്ഞ അമ്പതു ദിവസങ്ങളായി, യെരുശലേമിലെ ചൂടുള്ള വാർത്ത നസ്രായനായ യേശുവിന്റെ – ജീവിതവും, ക്രൂശീകരണവും ആയിരുന്നു (ലൂക്കൊസ് 24:18), അവന്റെ ശരീരം വെച്ച കല്ലറയെക്കുറിച്ചും,[31] ശൂന്യമായികണ്ടതിനെക്കുറിച്ചുള്ള കിംവദന്തികളും പരന്നിരുന്നു (മത്തായി 28:11–15). പാലസ്തീനിൽ, പാർത്തവരും വന്നുകൂടിയ എല്ലാവരും യേശുവിന്റെ[32] പേരും അവൻ ചെയ്ത അത്ഭുത പ്രവൃത്തികളുടെ അനിഷേധ്യ – തെളിവുകളും പരിചയമുണ്ടായിരുന്നു.

പിന്നെ പത്രൊസ് അവൻ അറി *യാത്ത* ചില കാര്യങ്ങൾ പറ ഞ്ഞു: "നസറായനായ യേശുവിനെ ദൈവം തന്റെ സ്ഥിരനിർണ്ണയത്താലും, മുന്നറിയിവിനാലും, ഏല്പിച്ചിട്ടു നിങ്ങൾ അവനെ അധർമ്മികളുടെ കയ്യാൽ[33] [റോമാ., പടയാളികൾ[34]] തറപ്പിച്ചുകൊന്നു" (വാക്യം 23). പത്രൊസിന്റെ പ്രസ്താവനയുടെ ഒരു ഭാഗം അവർ വേദനയോടെ ഓർക്കുന്നു (അവർ യേശുവിനെ തള്ളിക്കളഞ്ഞു ക്രൂശിൽ നിർബ്ബന്ധിച്ചവരാണ്), പക്ഷേ അവന്റെ ആദ്യ വിശദീകരണവെളിപ്പെടുത്തൽ അവരെ ഞെട്ടിച്ചു: യേശുവിന്റെ മരണം ദൈവത്തിന്റെ "സ്ഥിരനിർണ്ണയത്താലും മുന്നറിവിനാലും" ആയിരുന്നു![35]

യേശു റോമാ ക്രൂശിൽ മരിച്ചു[36] എന്നതായിരുന്നു ഒരു യഹൂദനു യേശുവിനെ മശിഹയായി സ്വീകരിക്കുന്നതിനുണ്ടായ ഏറ്റവും വലിയ തടസം. മോശ പറഞ്ഞു, "മരത്തിന്മേൽ തൂങ്ങുന്നവനെല്ലാം ശപിക്കപ്പെട്ടവൻ" (ഗലാത്യർ 3:13; ആവർത്തനപുസ്തകം 21:23). യെഹൂദ മനസിൽ, ഉണ്ടായിരുന്നതു മഹത്വത്തിലും ശക്തിയിലും വരുന്ന മശിഹയാണ്. അവൻ ദാരിദ്ര്യത്തിലോ, ദാസനായിട്ടോ, കുറ്റവാളിയായി മരിക്കുകയോ ഇല്ല എന്നതായിരുന്നു അവർക്കുള്ളിൽ. ക്രൂശ് യെഹൂദന്മാർക്കു "ഇടർച്ചയാണെന്നു"

പൗലോസ് പറയാൻ കാരണം ഇതായിരുന്നു (1 കൊരിന്ത്യർ 1:23).

താൻ മശിഹ, എന്നെ യെശുവിന്റെ വാദം ക്രൂശ് കൊണ്ട് *അസാധു വായി* തീരുന്നില്ല എന്നു പത്രൊസ് പ്രസ്താവിച്ചു, മറിച്ചു, *സാധുവായി* തീരുകയാണ് ചെയ്തതു – കാരണം ക്രൂശ് ദൈവപദ്ധതിയുടെ ഭാഗമായിരുന്നു! മശിഹ കഷ്ടതയേല്ക്കുന്ന ദാസനാകും, എന്ന യെശയ്യാവ് 53–ാം അദ്ധ്യായത്തിൽ 22–ാം സങ്കീർത്തനവും ഊന്നി പറയാൻ പത്രൊസ് A § s\ \ rÀ_ Ô rX\ nb rc Ip mv[37]

പത്രൊസിന്റെ വിസ്മയിപ്പിക്കൽ അവസാനിപ്പിച്ചില്ല. യേശുവിനെ ക്കുറിച്ചുള്ള അടുത്ത വസ്തുതയാണ് ശരിക്കും അവരെ അമ്പരപ്പിച്ചതു: "ദൈവമോ മരണ പാശങ്ങളെ അഴിച്ചിട്ടു *അവനെ ഉയിർത്തെഴുന്നേല്പിച്ചു,* മരണം അവനെപിടിച്ചു വെക്കുന്നതു, അസാദ്ധ്യമായിരുന്നു" (വാക്യം 24; എംഫസിസ്മൈൻ). പെസഹക്കും, പെന്തെകൊസ്തിനും ഇടത്തു ആകാംക്ഷരായിരുന്ന യെഹൂദന്മാർ ഒരു പക്ഷേ അതിമര്യക്കാരനായിരുന്ന യോസേഫിന്റെ കല്ലെറ ശൂന്യമായിരിക്കുന്നതു കാണുവാൻ പോയിരിക്കും, "അവന്റെ ശരീരത്തിനു എന്തു സംഭവിച്ചു?"[38] എന്നു ചോദിക്കാൻ തുടങ്ങിയിരിക്കും. സംസാരിച്ചതും സംസാരിച്ചിട്ടില്ലാത്തതുമായ ചോദ്യങ്ങൾക്കുള്ള ഉത്തരമായി പത്രൊസ് പറഞ്ഞു: "നസ്രായനായ യേശു മരിച്ചവനായിരുന്നു. എന്നാൽ അവനിപ്പോൾ ജീവനോടെയിരിക്കുന്നു എന്നു എനിക്കറിയാം!" സംസാരിച്ചതും സംസാരിക്കാത്തതുമായ ചോദ്യങ്ങൾക്ക് പത്രോസ് മറുപടി പറഞ്ഞു: യേശു ഉയർത്തെഴുന്നേറ്റു *കഴിഞ്ഞു.* യേശുവിനെ മരണ ശിക്ഷക്കു വിധിച്ചതാണ്, എന്നാൽ ദൈവം ആ വിധിയെ മറിച്ചു കളഞ്ഞു! "അവനെ ഉയിർപ്പിച്ചു"!

ഉയിർത്തെഴുന്നേല്പിനെ പ്രഖ്യാപിച്ചുകൊണ്ടു, പത്രൊസ് ഉപയോഗിച്ച വാക്യം മിക്ക ഇംഗ്ലീഷ് തർജ്ജിമകളിലും ഇല്ല. അക്ഷരികമായി, പത്രൊസ് പറഞ്ഞതു, "മരണ *പാശങ്ങളെ* അഴിച്ചിട്ടു"[39] ദൈവം അവനെ ഉയിർപ്പിച്ചു എന്നാണ്. ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന വാക്കായ "പാശങ്ങൾ" അർത്ഥം "പൊക്കിൾ കൊടി" എന്നാണ്. കല്ലറയിലുണ്ടായിരുന്ന യേശുവിന്റെ ശരീരത്തെ പത്രൊസ് ഗർഭപാത്രത്തിലെ ഒരു ശിശുവിനോടു താരതമ്യം ചെയ്യുകയായിരുന്നു. അമ്മ ഒരുങ്ങിയാലും ഇല്ലെങ്കിലും, ഉദരത്തിലെ ശിശു സമയമാകുമ്പോൾ ജനിക്കുക തന്നെ ചെയ്യും![40] അതുപോലെ, യേശു കല്ലറയിൽ നിന്നു പുറത്തുവരാൻ സമയമായപ്പോൾ, "[മരണം] അവനെ പിടിച്ചു വെക്കുന്നതു *അസാദ്ധ്യമായിരുന്നു*"!

"ദൈവം അവനെ ഉയിർപ്പിച്ചു" എന്നതു എത്ര ആവേശകരമായ വാക്കുകൾ! ഈ വാക്കുകൾ ക്രിസ്ത്യാനിത്വത്തിന്റെ ഹൃദയമിടിപ്പാണ്. പുതിയ നിയമത്തിൽ ഉയർത്തെഴുന്നേൽപ് നൂറിൽ അധികം പ്രാവശ്യം പറഞ്ഞിരിക്കുന്നു! മറ്റെല്ലാറ്റിലുമുപരിയായി, ഉയിർത്തെഴുന്നേല്പിനെകുറിച്ചു സാക്ഷീകരിച്ചുകൊണ്ടിരുന്നു (1:22). "മരിച്ചിട്ട് ഉയർത്തെഴുന്നേറ്റിരിക്കയാൽ വിശുദ്ധിയുടെ ആത്മാവു സംബന്ധിച്ചു ദൈവപുത്രൻ എന്നു ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തിരിക്കുന്നു" എന്നു അവർ ധൈര്യത്തോടെ പ്രസ്താവിച്ചു (റോമർ 1:4). ഉയിർപ്പ് അവരുടെ ശബ്ദത്തിനു ശക്തി പകർന്നു, അവരുടെ ഹൃദയത്തിനു ധൈര്യം പകർന്നു, അവരുടെ കാഴ്ചകൾക്കു ചിറകിന്റെ ഫലവും നല്കി. മരിച്ച രക്ഷകനി

ലല്ല അപ്പൊസ്തലന്മാർ വിശ്വസിച്ചത്, പിന്നെയോ ജീവനുള്ള വീണ്ടെടു പ്പുകാരനായി അവരെ സഹായിക്കയും ശക്തീകരിക്കയും ചെയ്തവനിൽ തന്നെ (മത്തായി 28:20). ഉയിർത്തെഴുന്നേറ്റ കർത്താവിന്നു വേണ്ടിയാണ് ഓരോ ദിവസവും അ വർ സാഹസികമായി കടിച്ചത്![41]

**ദാവീദിന്റെ പ്രവചനം (2:25-31)**

"ദൈവം അവനെ ഉയിർപ്പിച്ചു," എന്നു പത്രോസ്, പറഞ്ഞപ്പോൾ കേൾവിക്കാരെല്ലാം ഒരു പക്ഷേ അത്ഭുതപ്പെട്ടേക്കാം, "അതു സത്യമാ യിരിക്കുമോ?" എല്ലാം ആ ചോദ്യത്തിൽ തൂങ്ങികിടക്കുന്നു.

ഉയിർത്തെഴുന്നേല്പിനെ തിട്ടപ്പെടുത്തുവാൻ, മുന്നറിയിച്ചിരുന്ന തെല്ലാം പത്രൊസ് നിരത്തുവാൻ തുടങ്ങി.[42] പ്രത്യേകിച്ചു, അവൻ സങ്കീർത്തനങ്ങൾ 16-ൽ നിന്നുദ്ധരിച്ചു:[43] "ദാവീദ് അവനെ കുറിച്ച് പറ യുന്നത്, 'ഞാൻ കർത്താവിനെ എപ്പോഴും എന്റെ മുമ്പിൽ കണ്ടിരിക്കു ന്നു; അവൻ എന്റെ വലതുഭാഗത്തിരിക്കയാൽ, ഞാൻ കുലുങ്ങിപോക യില്ല' " (വാക്യം 25) എന്നു ദാവീദ് പറയുന്നു. ദാവീദിനെകുറി ച്ചു പറ ഞ്ഞതു യെഹൂദന്മാർ ശ്രദ്ധിച്ചിരുന്നു. "കാരണം മധുര ഗായകനായിരുന്ന ദാവീദ് യിസ്രായേലിന്നു പ്രിയങ്കരനായിരുന്നു" (2 ശമുവേൽ 23:1). ദാവീ ദിന്റെ പിൻഗാമിയായിട്ടാണ് മശിഹ വരുന്നതെന്നു അവൻ ദാവീദിന്റെ സിംഹാസനത്തിനു അവകാശിയായിരിക്കുമെന്നും അവർ വിശ്വസിച്ചി രുന്നു.

സങ്കീർത്തനങ്ങൾ 16-ൽ നിന്നു പത്രോസ് ദാവീദിന്റെ വാക്കുകളെ ഉദ്ധരിക്കാൻ തുടങ്ങി:

> "അതുകൊണ്ടു എന്റെ ഹൃദയം സന്തോഷിച്ചു എന്റെ നാവു ആന ന്ദിച്ചു; എന്റെ ജഡവും പ്രത്യാശയോടെ വസിക്കും; നീ എന്റെ പ്രാണനെ[44] പാതാളത്തിൽ,[45] വിടുകയില്ല നിന്റെ പരിശുദ്ധനെ ദ്രവത്വം കാൺമാൻ സമ്മതിക്കയുമില്ല. നീ ജീവമാർഗ്ഗങ്ങളേ എന്നോടു അറിയിച്ചു; നിന്റെ സന്നിധിയിൽ എന്നെ സന്തോഷ പൂർണ്ണനാക്കും" (വാക്യം 26-28).

"നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല, നിന്റെ പരിശുദ്ദനെ ദ്രവത്വം കാൺമാൻ സമ്മതിക്കയുമില്ല" എന്നതാണ് മുഖ്യവാക്കുകൾ. സങ്കീർത്തനത്തിൽ, ദാവീദ് ഉത്തമ പുരുഷൻ എന്ന രീതിയിലാണ് സംസാ രിക്കുന്നത്; യെഹൂദന്മാർ അങ്ങനെ ദാവീദ് പറഞ്ഞ ഉത്തമ പുരുഷനെ ഇപ്പോൾ അവർ മനസിലാക്കി, എങ്ങനെയായാലും, മശിഹയെകുറിച്ചു പറയുമ്പോഴെല്ലാം ദാവീദ് ഉത്തമപുരുഷൻ എന്ന നിലയിലാണ് പറഞ്ഞ ത്. സങ്കീർത്തനങ്ങൾ 16-ൽ ദാവീദ് തന്നെകുറിച്ചാണോ അതോ മശിഹ യെക്കുറിച്ചാണോ എന്നതാണ് ചോദ്യം.

ദാവീദ് തന്നെക്കുറിച്ചായിരുന്നു പറഞ്ഞതെങ്കിൽ ''പരിശുദ്ധൻ" എന്നു ഒരിക്കലും അവനെപറ്റി പറയുകയില്ല, കാരണം പ്രത്യേകിച്ച് അവൻ ബേത്ത് ശെബയുമായി പാപം ചെയ്തു കഴിഞ്ഞപ്പോൾ പത്രോസ്, എങ്ങനെയായാലും, വേറൊരു സമീപനമാണ് നടത്തിയത്:

"സഹോദരന്മാരായ പുരുഷന്മാരേ, ഗോത്രപിതാവായ[46] ദാവീദിനെക്കുറിച്ചു അവൻ മരിച്ചു അടക്കപ്പെട്ടു, എന്നു എനിക്കു നിങ്ങളോടു ധൈര്യമായി പറയാം. അവന്റെ കല്ലറ ഇന്നുവരെ നമ്മുടെ ഇടയിൽ ഉണ്ടല്ലോ" (വാക്യം 29). യെരുശലേമിലുള്ളവർക്കെല്ലാം സുപരിചിതമായിരുന്നു ദാവീദിന്റെ കല്ലറ. അതു പട്ടണത്തിനകത്തായിരുന്നു,[47] ധാരാളം പേർ അതു വഴിയാണ് കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ദാവീദ് ഉയിർത്തെഴുന്നേറ്റിട്ടില്ല എന്നു സ്പഷ്ടം. അതുകൊണ്ട് സങ്കീർത്തനങ്ങൾ 16-ൽ ദാവീദ് തന്നെക്കുറിച്ചല്ല പറയുന്നത്, അപ്പോൾ പിന്നെ അതു മശിഹയെക്കുറിച്ചു തന്നെ ആയിരിക്കും പത്രൊസ് പറഞ്ഞത്,

> എന്നാൽ, അവൻ പ്രവാചകൻ, [48] ആകയാൽ ദൈവം അവന്റെ കടി പ്രദേശത്തിന്റെ ഫലത്തിൽ നിന്നു ഒരുത്തനെ അവന്റെ സിംഹാസനത്തിൽ ധദാവീദുമായിണ്ടാക്കിയ വലിയ ഉടമ്പടി 2 ശമുവേൽ 7:8-17[49]പ, ഇരിക്കും എന്നു തന്നോടു സത്യം ചെയ്തു ഉറപ്പിച്ചു എന്നറിഞ്ഞിട്ടു അവനെ പാതാളത്തിൽ വിട്ടു കളഞ്ഞില്ല, അവന്റെ ജഡം ദ്രവത്വം കണ്ടതുമില്ല എന്നു ധക്രിസ്തുവിന്റെപ,[50] പുനരുത്ഥാനം മുമ്പു കൂട്ടി കണ്ടു പ്രസ്താവിച്ചു (വാക്യം 30, 31).[51]

ക്രിസ്തു കല്ലറയിൽ തന്നെയിരിക്കയില്ല എന്ന ദാവീദിന്റെ പ്രവചനം പത്രൊസ് അങ്ങനെ സ്ഥിതീകരിച്ചു മരിച്ചവർക്കു പുനരുത്ഥാനമുണ്ടെന്ന സത്യമാണ് ഇതുറപ്പിക്കുന്നത്!

ദാവീദിന്റെ പ്രവചനം വാസ്തവത്തിൽ *യേശുവിനെ* കുറിച്ചായിരുന്നു എന്നാണ് വിശദമാക്കാൻ തുടങ്ങിയതു, ഇതു പ്രതീക്ഷിച്ച് 27ഉം 31ഉം വാക്യങ്ങൾ പറയുന്നതു യേശുവിന്റെ ശരീരം മൂന്നു നാൾ കല്ലറയിൽ ഉണ്ടായിരുന്നു എന്നാണ്:[52] "നീ എന്റെ പ്രാണനെ പാതാളത്തിൽ വിട്ടു കളഞ്ഞില്ല,[53] നിന്റെ പരിശുദ്ധനെ ദ്രവത്വം കാൺമാന് സമ്മതിക്കയുമില്ല"; യേശു ക്രൂശിൽ കിടന്നുകൊണ്ട് മനഃസ്ഥാപപ്പെട്ടു കള്ളനോടു പറഞ്ഞു: "ഇന്നു നീ എന്നോടു കൂടെ പറുദീസയിൽ ഇരിക്കും" (ലൂക്കൊസ് 23:43). "പറുദീസ" എന്നാൽ സ്വർഗ്ഗമാണെന്നു ചിലർ ചിന്തിച്ചേക്കാം, എന്നാൽ ഉയിർത്തെഴുന്നേറ്റശേഷം, യേശു പറഞ്ഞു, "ഞാൻ പിതാവിന്റെ അടുക്കൽ പോയിട്ടില്ല" (യോഹന്നാൻ 20:17). യേശുവും ക്രൂശിലെ കള്ളനും "പറുദീസയിൽ" പോയപ്പോൾ എവിടെയായിരുന്നു എന്നു പ്രവൃത്തി 2:27, 31 വാക്യങ്ങളിൽ പറയുന്നു: യേശുവിന്റെ ശരീരം കല്ലറയിൽ അടക്കപ്പെട്ടു, എന്നാൽ ആത്മാവ് *പാതാളത്തിലേക്കു* പോയി. "പാതാളം" എന്നതു അക്ഷരികമായി "അദൃശ്യസ്ഥാനം" എന്നർത്ഥം; അത് സൂചിപ്പിക്കുന്നത് "അദൃശ്യ ലോകത്തെയാണ്," ന്യായവിധിക്കായി കാത്തിരിക്കുന്ന ആത്മാക്കളുടെ സ്ഥാനം. അതുകൊണ്ട്, "പറുദീസ" എന്നതു പാതാളത്തിലെ ഒരുഭാഗം നീതിവിധിക്കായി കാത്തിരിക്കുന്ന സ്ഥാനം (ലാസറും ധനവാനും മരിച്ചശേഷം പോയതു പാതാളത്തിലേക്കാണ് [ലൂക്കോസ് 16:22]). യേശുവും ക്രൂശിലെ കള്ളനും മരിച്ചശേഷം പോയ സ്ഥാനവും *അതു* തന്നെ.

നിങ്ങളും ഞാനും മരിക്കുമ്പോൾ, നമ്മുടെ ശരീരങ്ങൾ കല്ലറകളി

ലേക്കും ആത്മാക്കൾ പാതാളത്തിലേക്കും പോകും; കല്ലറയും പാതാളവും അവയിലുള്ള ശരീരങ്ങളേയും ആത്മാക്കളേയും അവസാന കാഹളനാദം വരെ പിടിച്ചു വെക്കേണ്ടതാകുന്നു (1 കൊരിന്ത്യർ 15:52–57). അതുകൊണ്ട്, ദൈവശ്വാസീയമായി ദാവീദ് ക്രിസ്തുവിനെ കുറിച്ചു പ്രവചിച്ചസത്യം മറ്റുള്ളവർക്കു ബാധകമല്ല[54] അവനെ പാതാളത്തിനോ പിടിച്ചു sh ; m m*യില്ല*. ദൈവം അവന്റെ ജഡത്തെ പാതാളത്തിൽ വിട്ടുകളഞ്ഞില്ല! അവന്റെ ജഡം കല്ലറയിൽ ദ്രവത്വത്തിനു അനുവദിച്ചുമില്ല!

യേശു ഉയിർത്തെഴുന്നേറ്റു എന്ന പത്രോസിന്റെ തെളിവിലേക്കു നാം കടക്കുന്നതിനു മുൻപു, ഇതു പരിഗണിക്കുക: നിങ്ങളും ഞാനും "ക്രിസ്തു," എന്ന വാക്കു കേൾക്കുമ്പോൾ നമ്മുടെ മനസിലേക്കു യേശുവാണ് വരുന്നത്. പത്രോസിനെ മറികടക്കാതിരിക്കുക. ഈ സമയത്ത്, അവൻ തന്റെ കേൾവിക്കാരോട് *അവകാശപ്പെട്ടത്* അവർക്കറിയാമായിരുന്ന യേശുവിനെ ദൈവം ഉയിർപ്പിച്ചു എന്നാണ്. ദൈവം വാഗ്ദാനം ചെയ്തതനുസരിച്ചാണ് അവർ നോക്കിയിരുന്ന ക്രിസ്തുവിനെ ഉയിർപ്പിച്ചതു എന്നു പത്രോസ് തെളിയിച്ചു (വാക്യം 22, 24), പിന്നെ ദൈവം ഉയിർപ്പിച്ച യേശുവും അവർ കാതംനോക്കിയിരുന്ന ക്രിസ്തുവും ഒന്നു തന്നെയായിരുന്നു എന്നു പത്രോസ് *തെളിയിച്ചു*. (വാക്യം 31) ഇതു ദാവീദ് പ്രസംഗിച്ചതുപോലെ തന്നെയാണ് യേശു ഉയിർത്തെഴുന്നേറ്റതു എന്നു അസന്നിഗ്ദ്ധമായി അവൻ തെളിയിച്ചു.

### അപ്പൊസ്തലന്മാരുടെ തൊഴിൽ (2:32)

പത്രോസ് ആദ്യം തന്റെയും മറ്റു അപ്പൊസ്തലന്മാരുടേയും സാക്ഷ്യമായിരുന്നു തെളിവായി നല്കിയത്: "ദൈവം ഉയിർത്തെഴുന്നേല്പിച്ചു, അതിനു ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു" (വാക്യം 32) അവൻ, "ഞങ്ങൾ ... എന്നു," പറഞ്ഞപ്പോൾ തന്റെ കൈകൾ, മറ്റു പതിനൊന്നു പേരേയും ചൂണ്ടി പറഞ്ഞിരിക്കണം. പഴയ നിയമത്തിൽ പറഞ്ഞിരിക്കുന്നതു "രണ്ടോ മൂന്നോ സാക്ഷികളുടെ വാമൊഴിയാൽ ഏതൊരുകാര്യവും ഉറപ്പാക്കും എന്നാണ്" (ആവർത്തനപുസ്തകം 19:15). കുറ്റം ചുമത്താൻ കഴിയാത്തതും ഒരു നേട്ടവും ഇല്ലാതിരുന്നതുമായ (ലോകം നേട്ടമായി കാണുന്നവ) – എല്ലാം ക്രിസ്തുവിനെ പ്രസംഗിക്കുന്നതുകൊണ്ട് – നഷ്ടപ്പെടുവാനുള്ളവരുടെ സാക്ഷ്യമാണ്.[55]

തന്റെ ചിന്ത വ്യാപ്തമാക്കുവാൻ, തനിക്കും ആദ്യം യേശു ഉയിർത്തെഴുന്നേറ്റു എന്നതു വിശ്വസിക്കാൻ കഴിയാതിരുന്നതും ഒരു പക്ഷേ പത്രോസ് പറഞ്ഞിരിക്കാം. ഒരുപക്ഷേ മറ്റു അപ്പൊസ്തലന്മാരും അവരുടെ സാക്ഷ്യങ്ങൾ വെളിപ്പെട്ടിരിക്കാം. ചുറ്റും നോക്കി നില്ക്കുന്നവരോടു തോമസ് പ്രതിവചിച്ചിരുന്നതു എനിക്കു ഊഹിക്കാൻ കഴിയും, "ഞാൻ അവിടെ ഉണ്ടായിരുന്നു! അവൻ ഉയിർത്തെഴുന്നേറ്റു എന്നു എല്ലാവരും പറഞ്ഞിട്ടും ഞാൻ വിശ്വസിച്ചില്ല. അങ്ങനെയുള്ള, എന്റെ മുൻപിൽ, കർത്താവു നിന്നു കൊണ്ടു പറഞ്ഞു. കൈനീട്ടി എന്നെ തൊടുക എന്ന്. ഞാൻ കൈനീട്ടി അവന്റെ ആണി പഴുതുള്ള ഭാഗങ്ങളിൽ തൊട്ടു, അവന്റെ വിലാപ്പുറത്തു കുത്തിയ പാടുകൾ അവന്റെ മേലങ്കി മാറ്റിയപ്പോൾ പുറന്തള്ളി നില്ക്കുന്ന എല്ലുകൾ കണ്ടു! എനിക്കു മറ്റൊരു നിർവ്വാ

ഹവുമില്ലായിരുന്നു. ഞാൻ നിലവിളിച്ചുപോയി, 'എന്റെ കർത്താവും ദൈവവുമായുള്ളോനേ!' " (യോഹന്നാൻ 20:24–28).

### ആത്മാവിന്റെ സാന്നിദ്ധ്യം (2:33)

ജനക്കൂട്ടത്തിൽ സാക്ഷ്യം വഹിച്ച അത്ഭുതകരങ്ങളായിരുന്നു പത്രോസിന്റെ രണ്ടാമത്തെ തെളിവ്: "അതുകൊണ്ട് അവൻ ദൈവത്തിന്റെ വലത്തു ഭാഗത്തേക്കു ആരോഹണം ചെയ്തു, പരിശുദ്ധാത്മാവു എന്ന വാഗ്ദത്തം പിതാവിനോടു വാങ്ങി, നിങ്ങൾ ഈ കാണുകയും കേൾക്കുകയും ചെയ്യുന്നതു പകർന്നു തന്നു" (വാക്യം 33).

അവർ കാറ്റടിക്കുന്ന ശബ്ദം കേട്ടു, അഗ്നിജ്വാലപോലെയുള്ള നാവുകൾ കണ്ടു, കൂടി വന്നിരുന്നവരുടെ എല്ലാം ഭാഷയിൽ അപ്പൊസ്തലന്മാർ സംസാരിച്ചു അവർ കേട്ടു. (പത്രോസ് പറഞ്ഞു, "നിങ്ങൾ *ഈ* കാണുകയും കേൾക്കുകയും ചെയ്യുന്നതു," ഒരുപക്ഷേ അപ്പോഴും അപ്പൊസ്തലന്മാരിൽ ആ ജ്വാലയുടെ പ്രകാശം മിന്നിയിരുന്നിരിക്കാം.) ദൈവാത്മാവിന്റെ സാന്നിദ്ധ്യമായിരുന്നു എന്ന് എല്ലാവർക്കും വ്യക്തമായി അതുകൊണ്ട്, പത്രോസ് പറഞ്ഞതു, യേശു മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റു.

### തിരുവെഴുത്തിന്റെ തെളിവ് (2:34-36)

പത്രോസ് അവരിൽ ഒരു ചിന്തകൂടെ ഉണർത്തി. യേശുവിനെ ദൈവം പിതാവിന്റെ വലത്തു ഭാഗത്തേക്കു ഉയർത്തി. ഒരിക്കൽ ഉയിർത്തെഴുന്നേല്പ് സ്ഥിരീകരിച്ചു കഴിഞ്ഞാൽ അടുത്ത ചോദ്യം, "യേശു, മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റു എങ്കിൽ അവൻ എവിടെയാണ്?" അതിനു പത്രോസിന്റെ ഉത്തരം; അവൻ പിതാവിങ്കലേക്കു ആരോഹണം ചെയ്തു സ്വർഗ്ഗത്തിലിരിക്കുന്നു എന്നായിരുന്നു.

ഇതു ഒരു പെട്ടെന്നുണ്ടായ ആശയമായിരുന്നതിനാൽ പത്രോസ് ദാവീദിന്റെ മറ്റൊരു പ്രവചനം (സങ്കീർത്തനങ്ങൾ 110:1). ഉദ്ധരിച്ചു ഇതും മുന്നറിയിച്ചതായിരുന്നു[56] എന്നു പറഞ്ഞു, "ദാവീദ് സ്വർഗ്ഗാരോഹണം ചെയ്തില്ലല്ലൊ, എന്നാൽ അവൻ: 'ഞാൻ നിന്റെ പാദപീഠം ആക്കുവോളം നീ എന്റെ വലത്തുഭാഗത്തിരിക്ക, "എന്നു കർത്താവു, അരുളിച്ചെയ്തു" ' " (വാക്യം 34, 35) നിങ്ങൾക്കു KJV ബൈബിൾ ഉണ്ടെങ്കിൽ, അതിൽ ആദ്യത്തെ "കർത്താവു" എന്നു പറഞ്ഞിരിക്കുന്നതു വലിയ അക്ഷരത്തിലും ("കർത്താവു") രണ്ടാമത്തെ "കർത്താവു" എന്നു പറഞ്ഞിരിക്കുന്നതു ചെറിയ അക്ഷരത്തിലും ആണുള്ളത്. ഇത് സൂചിപ്പിക്കുന്നത് ആദ്യത്തെ "കർത്താവ്" എന്നത് "യഹോവയുടെ" നാമത്തെയാണ് (ദൈവത്തിന്റെ വിശുദ്ധനാമം), രണ്ടാമത്തെ "കർത്താവ്" എന്നു പറഞ്ഞിരിക്കുന്നത് സാധാരണവാക്കായ "കർത്താവ്"[57] എന്നാണ്. മറ്റൊരു വിധത്തിൽ, ദാവീദ് പറഞ്ഞു (അതായതു., ദൈവം) *എന്റെ* കർത്താവിനോടു, "നീ എന്റെ വലത്തുഭാഗത്തിരിക്ക" എന്നു പറഞ്ഞിരിക്കുന്നു. (ദൈവത്തിന്റെ വലതു ഭാഗത്തി രിക്ക എന്നതു അധികാരത്തെ സൂചിപ്പിക്കുന്നു, സഹ – വാഴ്ച്ച നടത്തുന്നു എന്നർത്ഥം [മത്തായി 28:18].)

പത്രോസ് മുൻപു ഉന്നയിച്ച വാദം തന്നെയാണ് ഇപ്പോഴത്തേ യും

ദാവീദ് ഇതു തന്നെകുറിച്ചല്ല പറയുന്നതു: കാരണം ദാവീദ് ഉയിർ ത്തെ ഴുന്നേറ്റില്ല; അതുകൊണ്ട്, രണ്ടാമത്തെ "കർത്താവ്" മശിഹ തന്നെയാണ്. അയാൾ ദാവീദ് സംസാരിച്ചതു *ക്രിസ്തുവിനെ* ഉയിർത്തെഴുന്നേല്പും തേജസ്ക്കരണവുമാണ്.

യേശു പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു, എന്നു പത്രോസ് പറഞ്ഞപ്പോൾ പത്രോസ് 30 ഉം 31 ഉം വാക്യങ്ങളിലെ ചിന്തയിലേക്കു മടങ്ങിവരുന്നു: "[ദാവീദ്] പ്രവാചകൻ ആകയാൽ, ദൈവം അവന്റെ കടിപ്രദേശത്തിന്റെ ഫലത്തിൽ നിന്നു ഒരുത്തനെ *അവന്റെ സിംഹാസനത്തിൽ ഇരുത്തും,* എന്നു തന്നോടു സത്യം ചെയ്തു ഉറപ്പിച്ചു എന്നു അറിഞ്ഞിട്ടു, ..." (എംഫസിസ്മൈൻ). വാക്യം 30ഉം 31ഉം പഠിപ്പിക്കുന്നതു ഉയിർത്തെഴുന്നേറ്റു എന്നതു അവസാനമല്ല എന്നാണ്, മറിച്ച് മശിഹ *ദാവീദിന്റെ സിംഹാസനത്തിൽ* ഇരിക്കുന്നു എന്നതു ആമുഖമാകുന്നതേയുള്ളൂ. ഇതു 33ഉം 34ഉം വാക്യങ്ങളിലെ ചിന്തയോടു യോജിക്കുന്നു. ദൈവത്തിന്റെ വലത്തുഭാഗത്തേക്കു യേശു ഉയർത്തപ്പെട്ടതിനാൾ മശിഹാപ്രവചനം നിവർത്തിയതായി 33-ാം വാക്യത്തിൽ പത്രോസ് പ്രഖ്യാപിച്ചു, ദാവീദിന്റെ സിംഹാസനത്തിൽ ഇരിക്കുക എന്നാണ് ദൈവം സിംഹാസനത്തിൽ ഇരിക്കുക എന്നാൽ 34-ാം വാക്യം പറയുന്നു അവൻ *ദൈവത്തിന്റെ വലത്തുഭാഗത്തിരിയിരിക്കുന്നു.* നാം തീർപ്പാക്കുന്നത് അവന് ദാവീദിന്റെ സിംഹാസനത്തിൽ ഇരുത്തി (ഇരിക്കുന്നു) എന്നത് ദൈവത്തിന്റെ വലത്തുഭാഗത്ത് (അതായത്., ദൈവത്തിന്റെ സിംഹാസനം) ഇരുത്തി എന്നതിനോട് തുല്യമാണ്. യേശുവിന്റെ സിംഹാസനം ഭൂമിയലല്ല, *സ്വർഗ്ഗത്തിലാണ്.* വെളിപ്പാട് 3:21-ൽ, യേശു ലവദൊക്യ സഭയോടു പറഞ്ഞതു, "ജയിക്കുന്നവന്നു ഞാൻ ... എന്നോടു കൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നല്കും ഞാനും എന്റെ പിതാവിനോടു കൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെതന്നേ" എന്തുകൊണ്ടാണ് യേശുവിന്റെ സിംഹാസനത്തെ ദാവീദിന്റെ സിംഹാസനമെന്നും ദാവീദിന്റെ സിംഹാസനമെന്നും പറയാൻ കാരണം? ദാവീദിന്റെ വംശാവലിയിൽ കൂടെ വന്നതുകൊണ്ടാണ് യേശുവിന്നു ദാവീദിന്റെ സിംഹാസനാവകാശം ലഭിച്ചത്. അതു ദൈവത്തിന്റെ സിംഹാസനമാണ്. കാരണം ദൈവമാണ് സകല അധികാരത്തിന്റേയും ഉറവിടം.[58]

അതുകൊണ്ടു, ക്രിസ്തു *ഇപ്പോൾ* ഭരിക്കയാണ്,[59] 35-ാം വാക്യം അനുസരിച്ച്, ദൈവം സകല ശത്രുക്കളേയും "[അവന്റെ] കാൽക്കീഴിൽ ആകുവോളം അവൻ തുടർച്ചയായി വാഴേണ്ടതാകുന്നു" 1 കൊരിന്ത്യർ 15:25, 26; ''അവൻ [യേശു] സകല ശത്രുക്കളെയും അവന്റെ കാൽക്കീഴിൽ ആക്കുവോളം അവൻ വാഴേണ്ടതാകുന്നു നീങ്ങിപ്പോകേണ്ട അവസാനത്തെ ശത്രു മരണമാകുന്നു."

33 മുതൽ 35 വരെയുള്ള ഭാഗങ്ങൾ നമുക്കു മനഃപ്പാഠമാക്കാം. യേശു ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗാരോഹണം ചെയ്തു, അവിടെ അവൻ കിരീടധാരിയായ രാജാവായി തീർന്നു! പിന്നീട്, അവന്റെ കിരീടധാരണത്തെ പ്രഖ്യാപിക്കുവാൻ, പരിശുദ്ധാത്മാവിനെ അയച്ചു! (വർഷങ്ങൾക്കു മുൻപു, ഞാൻ പ്രവൃത്തികളുടെ പുസ്തകം പഠിപ്പിച്ചപ്പോൾ ബ്രിട്ടനിൽ

രാജാവിനെ കിരീടം ധരിപ്പിക്കുന്നതും ഉടനെ ഒരു സന്ദേശവാഹകൻ പുറത്തു കാത്തു നിൽക്കുന്ന ജനാവലിയോട്, നമുക്കൊരു പുതിയരാജാവിനെ ലഭിച്ചിരിക്കുന്നു, "രാജാവ് നീണാൾ വാഴട്ടെ! എന്നു ഉറക്കെ പ്രഖ്യാപിക്കും എന്നതു ഉദാഹരണമായി ഞാൻ പറഞ്ഞിട്ടുണ്ട്!")

പത്രോസ് അവസാനിപ്പിക്കാനൊരുങ്ങും പഴയനിയമത്തിൽ *ക്രിസ്തു*വിനെക്കുറിച്ചു പറഞ്ഞതു അവൻ ഓർപ്പിച്ചു ഓരോ പ്രവചനവും *യേശു* നിറവേറ്റിയതു അവൻ തെളിയിച്ചു. അവൻ തെളിയിച്ചു. അവൻ ഇപ്പോൾ രണ്ടു ചിന്തകൾ ഒരുമിച്ചു ചേർക്കുകയാണ്. ഞാൻ ഊഹിക്കുന്നതു പത്രോസ് അല്പം നിർത്തിയിട്ട്, ഇടിവെട്ടുന്ന ശബ്ദത്തിൽ പറഞ്ഞിരിക്കുമെന്നു ഞാൻ ഊഹിക്കുന്നു: "ആകയാൽ നിങ്ങൾ ക്രൂശിച്ച യേശുവിനെ തന്നേ ദൈവം കർത്താവും ക്രിസ്തുവുമാക്കി[50] – വെച്ചു എന്നു യിസ്രായേൽ ഗൃഹം ഒക്കെയും നിശ്ചയമായി അറിഞ്ഞുകൊള്ളട്ടെ" (വാക്യം 36)!

ദൈവം യേശുവിനോടു പെരുമാറ്റിയതിനു എതിരായിട്ടാണ് യെഹൂദന്മാർ പെരുമാറിയത്: യെഹൂദന്മാർ യേശുവിനെ ക്രൂശിൽ തറെച്ചു, എന്നാൽ ദൈവം അവനെ കർത്താവും ക്രിസ്തുവുമാക്കി വെച്ചു! നൂറ്റാണ്ടുകളായി യെഹൂദന്മാർ നോക്കിയിരുന്നു മശിഹയെ – "ക്രിസ്തുവിനെ," ദൈവം എല്ലാവർക്കും അറിയത്തക്കവണ്ണം അവനെ ഉയിർപ്പിച്ചതിനാൽ അവൻ "കർത്താവ്" – ആണെന്നും, അവൻ വാഴുന്നനും, അന്ത്യത്തിന്റെ യജമാനനുമാകുന്നു എന്നും ദൈവം ഉറപ്പിച്ചു. അവർ വാസ്തവത്തിൽ അവനോട് കടപ്പെട്ടിരുന്നു!

എത്ര മനോഹരമായ പ്രസംഗം; നടകീയമായ അന്ത്യവുമാണ്!

**ഉപസംഹാരം**

ഒരിക്കൽ കൂടെ വൈമനസ്യത്തോടെ പ്രവൃത്തി 2 ലെ അവശേഷിക്കുന്ന പഠനം വിടുകയാണ് "തുടക്കം" എന്ന വിഷയം അദ്ധ്യായം ഉടനീളം തുടരുകയാണ്. 37 മുതൽ 41 വരെയുള്ള, സുവിശേഷം അനുസരിക്കുന്നതിന്റെ ആരംഭമാണ്. പുരുഷാരം ഉച്ചത്തിൽ നിലവിളിച്ചു, "ഞങ്ങൾ എന്തു ചെയ്യേണ്ടു?" (വാക്യം 37); പത്രോസ് അവരോടു, "നിങ്ങൾ മാനസാന്തരപ്പെട്ടു, നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ" (വാക്യം 38); "അവന്റെ വചനം കൈക്കൊണ്ടവർ സ്നാനമേറ്റു" (വാക്യം 41). പിന്നെ 42 മുതൽ 47 വരെയുള്ള വാക്യങ്ങൾ സഭാജീവിതത്തിന്റെ ആരംഭത്തെപറ്റി പറയുന്നു. സ്നാനമേറ്റവർ ക്രിസ്തുവിൽ പുതിയ ജീവിതം തുടങ്ങേണ്ടതിന്റെ, അർത്ഥം അവർ മനസിലാക്കി. ആവേശം ആ അദ്ധ്യായം അവസാനിക്കുന്നതുവരെ തുടരുന്നു.

യേശുവിനെ കുറിച്ചു പ്രസംഗിച്ച പ്രസംഗമാണ്. ആ അദ്ധ്യായത്തിന്റെ കാതൽ, ഉപദേഷ്ടാവ്, ഓരോ പ്രാവശ്യവും ഓരോ പ്രധാന പോയിന്റ് എടുത്തു കാണിക്കുന്നു. തന്റെ കേൾവിക്കാർക്കിടയിലേക്കു ഒരു പന്തു തട്ടിവിടുന്നതുപോലെയാണ്.[51] എന്നിട്ട് അവർ എന്തു ചെയ്യുമെന്ന് നോക്കും. ചിലർ ആ ബാൾ അവരുടെ തലക്കു മീതെ പോകാൻ അനുവദിക്കും, ചിലർ കൈക്കലാക്കും, പിന്നെ ഒന്നും ചെയ്തുമില്ല. മറ്റു

ചിലർ തിരിച്ചടിക്കും ഉപദേഷ്ടാവ് പ്രസംഗിക്കുന്ന വചനം കൈക്കൊള്ളുന്നവർ അനുസരണത്തിനായി പ്രതികരിക്കും.

ബുദ്ധിപരമായ ഒരഭ്യാസത്തിനായിട്ടല്ല നാം യേശുവിനെക്കുറിച്ചു പഠിച്ചുകൊണ്ടിരുന്നത്. നിങ്ങളുടെ അടുക്കലേക്കു - ആശയങ്ങളാകുന്ന "പന്ത് തട്ടിവിട്ടു" നിങ്ങൾ അതിനെ എന്തു *ചെയ്യുന്നു?* അതു നിങ്ങളുടെ തലക്കുമുകളിലൂടെ പോകാൻ അനുവദിക്കയാണോ? അതോ നിങ്ങൾ അതിനെ "പിടിച്ചോ" (മനസിലാക്കിയോ). ഒന്നും ചെയ്യാതിരിക്കയാണോ? അല്ലെങ്കിൽ, നിങ്ങൾ "തിരിച്ചടിക്കാൻ," ശരിയായി പ്രതികരിക്കാൻ തയ്യാറായോ? സുവിശേഷ പ്രസംഗം പൂർണ്ണമായതോടെ കേട്ടപ്പോൾ മൂവായിരം പേർ പ്രതികരിച്ചു സ്നാനമേറ്റു.

പ്രവൃത്തി 2:41 കുറിക്കുന്നതു, "ധപത്രോസിന്റെപ വാക്കുകൾ *സന്തോഷത്തോടെ* സ്വീകരിച്ചവർ സ്നാനമേറ്റു: *അന്നു* മൂവായിരം പേർ ആത്മാക്കൾ എന്നാണ് ഉള്ളത്" (KJV; എംഫസിസ് മൈൻ). അവരോടു ചേർന്നു *നിങ്ങൾ* സന്തോഷത്തോടെ കർത്താവിന്റെ വചനം കൈക്കൊണ്ടാൽ, ക്രിസ്തുവിന്റെ നാമത്തിൽ സ്നാനപ്പെടാൻ മടിക്കുകയില്ല. ആ ദിവസം തന്നെയാണ് മൂവായിരം പേർ സ്നാനമേറ്റത്. നിങ്ങൾ സ്നാനപ്പെടേണ്ടതു, *ഇന്നു* തന്നെയാണ്!

---

**പ്രസംഗ കുറിപ്പുകൾ**

---

1. പ്രവൃത്തികളുടെ പുസ്തകത്തിലെ പരിവർത്തന ഉദാഹരണങ്ങളെകുറിച്ചു ധാരാളം പ്രസംഗ പരമ്പരകൾ പ്രസംഗിക്കാൻ കഴിയും. പ്രവൃത്തി 2-ൽ കാണുന്ന പരിവർത്തന ഉദാഹരണത്തെക്കുറിച്ചുള്ള എന്റെ ഒരു പ്രസംഗത്തിന്റെ ബാഹ്യരേഖ ട്രൂത്ത് ഫോർ ടുഡെയിലെ ഒരു ലക്ഷത്തിൽ കാണാം. ഞാൻ ഒരു പടം വരച്ചു ഇതിൽ ചിത്രീകരിച്ചിട്ടുണ്ട്. ഒരു രംഗത്തിനു ആവശ്യമായ മുഖ്യവാക്കുകൾ, പത്രോസ് നിന്നു പ്രസംഗി ക്കുന്നതായി, മുഖ്യ പോയിന്റുകൾ താഴെ കൊടുത്തിരിക്കുന്നു. പത്രോസ് പ്രസംഗിച്ചതിന്റെ ചുരുക്കവും കൊടുത്തുത്തിട്ടുണ്ട്. ഈ അവതരണം ഒരു ചാർട്ടിൽ വരച്ചോ ബോർഡിൽ എഴുതിയോ അവതരിപ്പിക്കാം.

2. നിങ്ങൾ ഒരു മൂന്നു മാസത്തെ ക്ലാസ്സുകളോ പാഠങ്ങളോ, പ്രവൃത്തിയുടെ പുസ്തകത്തിലെ പരിവർത്തനങ്ങളെകുറിച്ചു എടുക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ ഇതാ അതിനു സഹായകരമായ പദ്ധതി:

1. മത്തായി 28:18-20; മർക്കൊസ് 16:15, 16; ലൂക്കൊസ് 24:45-49 ലുള്ള മഹത്തായ ആജ്ഞ. ഇതു പരിവർത്തന ഉദാഹരണത്തിനു പശ്ചാത്തലം ഒരുക്കം.
2. പെന്തെകൊസ്തു നാളിലെ യെഹൂദന്മാരുടെ പരിവർത്തനം (പ്രവൃത്തി 2).
3. ശമര്യക്കാരുടെ പരിവർത്തനം (പ്രവൃത്തി 8).
4. ആഭിചാരകനായിരുന്ന ശിമോൻ ("മന്ത്രവാദിയുടെ പരിവർത്തനം"; പ്രവൃത്തി 8).

3000 പേർ എങ്ങനെ സ്നാനമേറ്റു: പ്രവൃത്തി 2

പെന്തെകൊസ്ത്

12 അപ്പൊസ്തലന്മാർ

ദേവാലയം



യേശു തന്നെ ക്രിസ്തു!

- അത്ഭുതങ്ങൾ
- പ്രവചനം
- ഉയിർത്തെഴുന്നേല്പ്
- പരിശുദ്ധാത്മാവിനെ പകർന്നുകൊടുക്കൽ

1. യേശുക്രിസ്തുവിനെ കേൾക്കുന്നു.
2. ക്രിസ്തുവിൽ വിശ്വസിക്കുന്നു.
3. മാനസാന്തരപ്പെട്ടു സ്നാനപ്പെട്ടു അനുസരിക്കുന്നു.
4. ഉടനെ ക്രിസ്തുവിനെ അനുസരിക്കുന്നു.
5. ക്രിസ്തുവിന്റെ സഭയോടു ചേർക്കപ്പെടുന്നു.
6. ക്രിസ്തുവിനോടുകൂടെ തുടരുന്നു.

പത്രൊസിന്റെ പ്രസംഗം എടുത്തു കാണിക്കുന്ന ഫ്ളാനൽബോർഡ്

5. ഐത്യോപ്യക്കാരൻ ഷണ്ഡൻ പരിവർത്തനം (പ്രവൃത്തി 8).
6. ശൗലിന്റെ പരിവർത്തനം (പരിവർത്തനം 9; 22; 26).
7. കൊർന്നേല്യോസിന്റെ പരിവർത്തനം (പ്രവൃത്തി 10; 11).
8. ലൂദിയയുടെ പരിവർത്തനം (പ്രവൃത്തി 16).
9. കാരാഗ്രഹപ്രമാണിയുടെ പരിവർത്തനം (പ്രവൃത്തി 16).
10. കൊരിന്ത്യരുടെ പരിവർത്തനം (പ്രവൃത്തി 18).
11. അപ്പൊല്ലോസ്: എന്ന "ഉപദേഷ്ടാവിന്റെ പരിവർത്തനം" (പ്രവൃത്തി 18).
12. പരിവർത്തനം – ചെയ്യാതിരുന്ന ഫേലിക്സ് (പ്രവൃത്തി 24).
13. പരിവർത്തനം – ചെയ്യാതിരുന്ന അഗ്രിപ്പാസ് (പ്രവൃത്തി 25; 26).

പ്രവൃത്തി 1 നാം പഠിക്കുമ്പോൾ ചുരുങ്ങിയ ബാഹ്യരേഖയും ഭൂരിഭാഗം ദൃശ്യാവിഷ്ക്കാരവും ഞാൻ നല്കാം പാഠ്യക്കുറിപ്പുകൾ അധികവും നിങ്ങൾക്കു പ്രയോജനവും സഹായകരമായ കാര്യങ്ങൾ ഉൾപ്പെടുത്തിയതാണ്.

3. പ്രവൃത്തി 2 ലെ പരിവർത്തനത്തെ താല്പര്യജനകമാക്കാൻ "എന്തുകൊണ്ട് 97,000 പേർ രക്ഷിക്കപ്പെട്ടില്ല എന്നു ചോദിക്കണം!" യെഹൂദന്മാരുടെ, ഈ മൂന്നു മുഖ്യപെരുനാളുകളിലും യെരുശലേമിലും (മറ്റു പ്രദേശങ്ങളിലുമായിരുന്നവരുടെ ജനസംഖ്യ ലക്ഷക്കണക്കിനുണ്ടായിരുന്നു). ചുരുങ്ങിയതു 100,000 പേരെങ്കിലും അന്നവിടെ കൂടിവന്നിരിക്കും. അന്നു 3000 പേർമാത്രമേ രക്ഷിക്കപ്പെട്ടുള്ളൂ എന്നു ചിന്തിക്കുക; പത്രോസിന്റെ പ്രസംഗം കേട്ട മറ്റു 97,000 പേർ യേശു, ക്രിസ്തുവാണെന്നു വിശ്വസിച്ചില്ല! എന്തു ചെയ്യണമെന്നറിയാൻ അവർ ആഗ്രഹിച്ചില്ല അല്ലെ? അവർ "സന്തോഷത്തോടെ" പത്രോസിന്റെ വാക്കുകൾ കൈക്കൊ*ണ്ടില്ല* (KJV യിലുള്ളതുപോലെ) അവർ മാനസാന്തരപ്പെ*ട്ടില്ല*. അവർ വക്രതയുള്ള തലമുറയിൽ നിന്നു രക്ഷിക്കപ്പെടുവാൻ ഇച്ഛിച്ചില്ല. അതുകൊണ്ട് അവർ മാനസാന്തരപ്പെട്ടില്ല അവർ സ്നാനപ്പെ*ട്ടില്ല*. അതുകൊണ്ട് കർത്താവു അവരെ സഭയോടു ചേർ*ത്തില്ല*. പ്രസംഗത്തിൽ, ഇന്നു ആളുകൾ സുവിശേഷം അനുസരിക്കാതിരുന്ന നിരവധി കാരണങ്ങൾ നിങ്ങൾക്കു ഉപയോഗിക്കാം.

---

കുറിപ്പുകൾ

[1]"ഗോസ്പൽ" സുവിശേഷം ഗ്ലോസെറിയിൽ നോക്കുക. [2]"പതിനൊരുവർ" മറ്റു അപ്പൊസ്തലന്മാരെ, സൂചിപ്പിക്കുന്നു 1:26 ലെ പോലെ. (എല്ലാ അപ്പൊസ്തലന്മാരെയും, ചേർത്ത് "പന്തിരുവർ" എന്നു വിളിച്ചിരുന്നു [6:2]). ഈ പ്രസംഗത്തിന്റെ അവസാനം പുരുഷാരം എല്ലാ അപ്പൊസ്തലന്മാരെയുമാണ് സംബോധന ചെയ്യുന്നത് (2:37), പത്രോസ് ഒരു ഭാഷയിൽ സംസാരിക്കയും മറ്റു പതിനൊന്നുപേർ മറ്റുഭാഷകളിലേക്ക് തർജ്ജിമചെയ്തതും ആകാം പത്രോസ് സംസാരിച്ച, സാധാരണഭാഷ എല്ലാവർക്കും മനസ്സിലാക്കാവുന്ന – കൊയിനേ

ഗ്രീക്ക് ആകാനാണ് കൂടുതൽ സാധ്യത, മറ്റ് അപ്പൊസ്തലന്മാർ അതിനോട് യോജിച്ച് സാക്ഷീകരിച്ചു (പത്രോസ് സംസാരിച്ചപ്പോൾ മറ്റു അപ്പൊസ്തലന്മാർ തല കുലുക്കി സമ്മതിച്ചതു എനിക്കു ഊഹിക്കാൻ കഴിയും) 40–ാം വാക്യം ശ്രദ്ധിക്കുക (''*അവൻ* ... പ്രബോധിപ്പിച്ചുകൊണ്ടിരുന്നു'') എന്നതും 41–ാം വാക്യവും (''ആകയാൽ, അങ്ങനെ *അവന്റെ* വാക്കുകൈകൊണ്ടവർ സ്നാനമേറ്റു''). [3]“യെരുശലേമിൽ” താമസിച്ചിരുന്നവർ “ആകാശത്തിൻ കീഴിലുള്ള സകലദേശക്കാ രും” താല്ക്കാലിക വാസക്കാരായിരുന്നു (വാക്യം 5). [4]യെഹൂദന്മാർ പ്രഭാതമണിക്കൂറു എണ്ണാൻ തുടങ്ങി, ഏതാണ്ട്, കാലത്തു 6 മണിയായി. പ്രഭാതം ആരംഭിക്കുന്നതു വ്യത്യസ്തമാകയാൽ ഏതാണ്ട്, 9 മണിയായി കാണും. [5]അധികപേരും പെരുനാളിൽ കാലത്തു 10 മണിക്കു മുൻപു ചിലർ ഉച്ചവരെയോ തിന്നുകയോ, കുടിക്കുകയോ ചെയ്യാറില്ല. [6]പത്രോസ് പഴയനിയമത്തിൽ, നിന്നാണ് ഉദ്ധരിച്ചത് (ഗ്ലോസെറിയിൽ “സെപ്റ്റാജിന്റ്” നോക്കുക). കമന്റേറ്റേഴ്സ് പഴയനിയമത്തിലേതും പത്രൊാസിന്റെ ഉദ്ധരണിയും തമ്മിൽ വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. അധികം പേരും രണ്ടു വസ്തുകകളെ കണ്ടിട്ടില്ലെന്നു നടിക്കുന്നു: (1) മൂലഭാഷയിൽ സെപ്റ്റ്വജിൻ എങ്ങനെ വായിക്കുന്നു എന്നതു 100 ശതമാനവും തീർച്ചപ്പെടുത്താൻ നമുക്കു സാദ്ധ്യമല്ല. ഇന്നത്തെ സെപ്റ്റ്വജിന്റെ മൂലഭാഷയിലേതിൽ നിന്നു പത്രൊാസിന്റെ ഉദ്ധരിണിയാകാം ശരിയായതു. (2) പത്രോസ് ദൈവശ്വാസീയനായിരുന്നു പത്രൊാസിന്, പരിശുദ്ധാത്മാവു നല്കിയത് ഒരിക്കലും വ്യത്യസ്തമാകയില്ല എന്നാണ് ആ വാക്കിന്റെ *അർത്ഥം.* [7]ചില ബൈബിൾ, യോവേൽ 2:28–ൽ “അന്ത്യകാലം,” എന്നു പറയുന്നില്ല മറിച്ച് “ഇതിനു ശേഷം” എന്നാണ്, പറഞ്ഞിരിക്കുന്നത്. സമയത്തെ സംബന്ധിച്ച് “ഇതിനുശേഷം” എന്നതും “അന്ത്യകാലത്തു” എന്നതും യെശയ്യാവും മീഖയും സൂചിപ്പിച്ചതുപോലെ ഒന്നു തന്നെയാണ് (യെശയ്യാവ് 2:2; മീഖാ 4:1). ദൈവശ്വാസിയമായിട്ടാണ് പത്രൊാസ്, യോവേൽ “അന്ത്യകാലത്തു” സംഭവിക്കുന്നതാണെന്നു വ്യക്തമാക്കിയത്. [8]പത്രൊാസ് സംസാരിച്ച “അന്ത്യകാലം” യെഹൂദകാലത്തിന്റെ അന്ത്യകാലമായിരിക്കാം. എങ്ങനെയായാലും, അടിസ്ഥാന, വ്യാഖ്യാനതത്വം കേൾവിക്കാർക്കു അതെന്തു അർത്ഥമാണ് ഉദിക്കുന്നതു, എന്നു ചോദിക്കുക. “അന്ത്യകാലം” ബാധിക്കുന്നതു മശിഹയുടെ വാഴ്ച്ചക്കാലമാണ്. [9]1 കൊരിന്ത്യർ 10:11; എബ്രായർ 9:26; 1 പത്രോസ് 1:20; 1 യോഹന്നാൻ 2:18 – നോക്കുക. [10]അനേകം ആയിരമാണ്ട് വാഴ്ച്ചക്കാർ “അന്ത്യകാലം” എന്നതു യേശു വീണ്ടും വന്നു യെരുശലേമിൽ വാഴുന്ന സാങ്കൽപികമായി ആയിരമാണ്ട് – വാഴ്ച്ചയെ സൂചിപ്പിക്കുന്നതിനാണ്.

[11]പ്രീമില്ലെനിയൻ കമന്റേറ്റേഴ്സ് യോവേലിന്റെ പ്രസ്താവനയുടെ, ശക്തിയിൽ ഇടറിപോകുന്നു. പക്ഷേ പത്രോസ് വ്യക്തമായി പറയുന്നു, “*ഇതു* യോവേൽ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തത്രേ: ‘അതു അന്ത്യകാലത്തിലായിരിക്കും ...’ ” (എംഫസി സ്മൈൻ). “ഇതു എന്നെ ഓർമ്മിപ്പിക്കുന്നു ... ,” എന്നോ ഇതു “അതുപോലെ ആണെന്നോ ... ,” അല്ല പറഞ്ഞത്. “മറിച്ച് യോവേൽ പറഞ്ഞതാണ് ഇതു ... ,” എന്നത്രേ പറഞ്ഞത്. [12]കുറെ പേർ,സ്നാനത്തിനു മുങ്ങൽ ആവശ്യമില്ല, എന്നു പറയാൻ ധൈര്യപ്പെടാറുണ്ട്. “പകർന്നു” എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നതുകൊണ്ട് മുങ്ങൽ നിന്നു പോയി എന്നവർ വാദിക്കുന്നു. 33–ാം വാക്യത്തിലും ഉപയോഗിച്ചിരിക്കുന്നത്, പറയുന്നത്, ''സ്നാനം പകരൽ വഴിയായും നടത്താം എന്നാണ് തെളിയിക്കുന്നത്''

തീർച്ചയായും, അപ്പൊസ്തലന്മാരിൽ പരിശുദ്ധാത്മാവ് വരുന്നതിനെ കുറിച്ച് പറയുന്ന എല്ലാവാക്കുകളും – "സ്നാനംമേറ്റു" (1:5) "നിറഞ്ഞു" (2:4) "പകർന്നു" (2:17) – ഇതെല്ലാം *ആലങ്കാരികമായിട്ടാണ്* ഉപയോഗിച്ചിരിക്കുന്നത്. പരിശുദ്ധാത്മാവ് *വ്യക്തി*യായതിനാൽ, അക്ഷരികമായി "പകരാൻ" സാദ്ധ്യമല്ല. ഇതിനെക്കുറിച്ചു ആരെങ്കിലും ചോദിച്ചാൽ, ഒരു ഗ്ലാസ്സ് എടുത്തു അതിൽ കല്ല് ഇടും. പ്രവൃത്തി 1ലും 2ലും ഉപയോഗിച്ച പ്രതിബിംബ ങ്ങൾക്കു സമാന്തരമായി, ഗ്ലാസ് *നിറയുവോളം* വെള്ളം ഒഴിക്കും. അപ്പോൾ കല്ലു മുഴുവൻ *മുങ്ങും.* [13]പിന്നീട് പലരും, പത്രോസും പൗലോസും അടക്കം ദർശനങ്ങൾ കണ്ടിട്ടുണ്ട് (10:17; 16:9). "ദർശനം" എന്നതു പ്രത്യേകമായി പറഞ്ഞിട്ടില്ല, എന്നാൽ പല ദർശനങ്ങളും രാത്രിയിലായിരുന്നു (22:11; 27:23). ഒരു പക്ഷേ ഈ രാത്രി ദർശനങ്ങളായിരിക്കും ദൈവശ്വാസിയമായ ദർശനങ്ങൾ. [14]യോവേൽ 2:29–ൽ "മൈ" എന്നതിനു പകരം "ദി" എന്ന "ദാസന്മാർ" എന്നു പറഞ്ഞിരുന്നതു അക്ഷരിക ദാസന്മാരായിരിക്കാം. അതായതു ഭൗതികമായി അടിമകളായിരുന്നവർ ക്രിസ്ത്യാനികളായി തീർന്നവരാകാം. [15]യോവേൽ പറഞ്ഞതെല്ലാം പെന്തെകൊസ്തു നാളിൽ സംഭവിച്ചില്ല. ഉദാഹരണമായി, നമുക്കറിയാവുന്നിടത്തോളം, ദർശനങ്ങളും സ്വപ്നങ്ങളും നടന്നില്ലായിരുന്നു (വാക്യം 17). പത്രോസ് പറഞ്ഞതു, പെന്തെകൊസ്തു നാളിൽ, സംഭവിച്ചതു യോവേൽ പ്രവാചകന്റെ പ്രവചന നിവർത്തീകരണത്തിന്റെ ആരംഭമാണെന്നായിരുന്നു. [16]"പുത്രന്മാർക്കും" "പുത്രിമാർക്കും" വരങ്ങൾ വാഗ്ദാനം ചെയ്തിരിക്കുന്നു (വാക്യം 17), "സ്ത്രീകളും പുരുഷന്മാരും" (വാക്യം 18). പിന്നീട് സ്ത്രീകൾക്കു അത്ഭുതവരങ്ങൾ കിട്ടിയിട്ടുണ്ട് (പ്രവൃത്തി 21:9). [17]"യുവാക്കൾക്കും" "വൃദ്ധർക്കും" വാഗ്ദാനമുണ്ടായിരുന്നു (വാക്യം 17). [18]ദാസന്മാരും ഉൾപ്പെടുന്നു (വാക്യം 18). [19]മൂലഭാഷയിൽ "സകല ജഡവും" എന്നാണുള്ളത് (KJV നോക്കുക) അപ്പോൾ മൃഗങ്ങളും, മത്സ്യവും, പക്ഷികളും ഉൾപ്പെടും (1 കൊരിന്ത്യർ 15:39)! [20]ഗ്ലോസെറിയിലെ "പ്രോഫെറ്റ്" എന്നതു നോക്കുക.

[21]പഴയ നിയമത്തിൽ അസംഖ്യം ഭാഗങ്ങളിൽ വെളിപ്പാട് ഭാഷ ഉപയോഗിച്ചിട്ടുണ്ട്, ഉദാഹരണത്തിനു, ദാനിയേൽ 7–12 വരെ നോക്കുക. അതിനു ഏറ്റവും നല്ല ഉദാഹരണം ബൈബിളിലെ വെളിപ്പാട് പുസ്തകമാണ്. മൂലഭാഷയിൽ വെളിപ്പാട് പുസ്തകം, ആരംഭിക്കുന്നത് "ദി അപ്പൊകാലിപ്സിസ് ഓഫ് ജീസസ് ..." എന്നു പറഞ്ഞുകൊണ്ടാണ്. [22]ആന്റണി ലീ ആഷ്സ്, *ദി ആക്സ് ഓഫ് ദി അപ്പൊസ്തൽസ്*, പാർട്ട് 1, ദി ലിവിങ്ങ് വേഡ് കമെന്ററി, ed. എവറെറ്റ് ഫെർഗൂസൻ (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ്ങ് കമ്പനി., 1979), 48. [23]"ദൈവത്തിന്റെ മഹാകോപദിവസം ..." എന്നതു വെളിപ്പാട് 6:12–14 ഉപയോഗിച്ചിരിക്കുന്നതു അതേ ഭാഷയാണ്. ഞാൻ വിചാരിക്കുന്നതു ഇതു ലോഗാവസാനത്തെ സൂചിപ്പിക്കുന്നതാണെന്നാണ് റോമാ സാമ്രാജ്യത്തെ താല്ക്കാലികമായി ശിക്ഷിക്കുന്നതാണെന്നു ചിലർ വിചാരിക്കുന്നു. ഇതേ ഭാഷ 2 പത്രോസ് 3:10–ൽ ഉപയോഗിച്ചിട്ടുണ്ട്, അതു തീർച്ചയായും ലോകാവസാനത്തെയാണ് സൂചിപ്പിക്കുന്നത്. [24]ഈ പാഠത്തിൽ ശ്രദ്ധിച്ച രണ്ടു സാഹചര്യങ്ങൾ കൂടാതെ മൂന്നാമതൊരു സാദ്ധ്യത കൂടെ പറയുന്നുണ്ട്, അതു യോവേൽ A.D. 70–ലെ യെരുശലേം നാശത്തെ കുറിച്ചു സൂചിപ്പിക്കുന്നു എന്നതാണ്. അന്നു യെരുശലേമിലുള്ളവർ "കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കും" (അതായത്., ക്രിസ്ത്യാനികൾ). യേശു മുന്നറിയിച്ചിട്ടുള്ളതുകൊണ്ട് അവർ റോമാക്കാരെത്തുമ്പോഴേക്ക് ഓടി രക്ഷപ്പെടും

എന്നു പറയുന്നു (മത്തായി 24:15, 16). ഈ സാഹചര്യം സന്ദർഭത്തിൽ ഉപദ്രവ കരമായി പ്രവൃത്തികളെ പറയുന്നില്ല, പാഠത്തിൽ പറഞ്ഞ സാഹചര്യമാണ് എനിക്കിഷ്ടം. [25]യോവേൽ പ്രവചിച്ചതെല്ലാം പെന്തെകൊസ്തു നാളിൽ സംഭവിച്ചില്ല എന്നു നാം കണ്ടു. 19 മുതൽ 21 വരെയുള്ള വാക്യങ്ങളിലുള്ള ലോകാവസാനം സംഭവിക്കുന്നതെന്നു പറയുമ്പോൾ അതു ക്രിസ്തീയ യുഗത്തിന്റെ രത്നച്ചുരുക്കമാണെന്നു പറയുന്നു. [26]നിരവധി കമന്റേറ്റേഴ്സ് കണ്ടതു, 19 മുതൽ 20 വരെയുള്ള വാക്യങ്ങളിൽ പർപ്പെടുത്തു ആണ് യേശു ക്രൂശിൽ മരിച്ചപ്പോൾ സൂര്യൻ പ്രകാശം കൊടുക്കാതിരുന്നതു എന്നത്രേ. യേശുവിന്റെ മരണ സമയത്തു ചുറ്റും സംഭവിച്ച പ്രവൃത്തിയുടെ പ്രതിഭാവം ഒരു പക്ഷേ യോവേൽ പ്രവചിച്ചതിന്റെ നിവർത്തീകരണം ആകാം. [27]"കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കൽ" എന്നതു വെറും വാക്കുകൾ മാത്രമല്ല (മത്തായി 7:21). അതിനു യോജിക്കുന്ന വാക്യമാണ് പ്രവൃത്തി 22:16, അവിടെ അനന്യാസ് ശൗലിനോട്, "എഴുന്നേറ്റു, *കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചു*, പ്രാർത്ഥിച്ചു സ്നാനമേറ്റു നിന്റെ പാപങ്ങളെ കഴുകികളക" എന്നാണ് (എംഫസിസ്മൈൻ). [28]യേശു നസ്രേത്ത് എന്ന പട്ടണക്കാരൻ ആയതുകൊണ്ടാണ് ''നസ്രായൻ'' എന്നു പറഞ്ഞത് (KJV, NIV നോക്കുക). അക്കാലത്തു ''യേശു'' എന്ന പേർ സാധാരണയായിരുന്നു. പത്രോസ് വിശേഷണത്തോടെ "നസ്രായനായ" എന്നു പറഞ്ഞു *ഏതു* യേശു എന്നു വ്യക്തമാക്കുന്നു. [29]പുതിയനിയമത്തിൽ അത്ഭുതപ്രവർത്തികളെ "അത്ഭുതങ്ങൾ," "വീര്യപ്രവർത്തികൾ," "അടയാളങ്ങൾ" എന്നിങ്ങനെയാണ് വിവരിച്ചത്. "അത്ഭുതം" ഇതിനു ഉപയോഗിച്ച ഗ്രീക്കു വാക്കിന്റെ അർത്ഥം "ശക്തി" എന്നാണ്. *എന്തു സംഭവിച്ചു* എന്നു കാണിക്കേണ്ടതു അത്ഭുതമെന്നും ആളുകളിൽ അതിന്റെ *സ്വാധീനത്തെ* കാണിക്കുന്നതിനു "വീര്യപ്രവൃത്തികൾ" എന്നും അടയാളങ്ങൾ എന്നതു അതിന്റെ ഉദ്ദേശത്തെയും വ്യക്തമാക്കുന്നു. അതു ചെയ്തവരിൽ ദൈവം പ്രവർത്തിച്ചതായിരുന്നു "അടയാളങ്ങൾ" (എബ്രായർ 2:4). [30]ബെയെൽ സെബൂലിന്റെ ശക്തിയാൽ യേശു അത്ഭുതങ്ങൾ പ്രവർത്തിച്ചു എന്നായിരുന്നു പരീശന്മാർ അവനെ കുറ്റപ്പെടുത്തിയതു (മത്തായി 12:24), എന്നാൽ അവൻ അത്ഭുതം പ്രവർത്തിച്ചു എന്ന കാര്യത്തിൽ അവർക്കു തർക്കമില്ലായിരുന്നു (ലൂക്കോസ് 11:15).

[31]ആർക്കും എളുപ്പം ചെന്നു നോക്കാവുന്നതായിരുന്നു കല്ലറ (യോഹന്നാൻ 20:5). [32]ഞാനിതു എഴുതുമ്പോൾ, ഒരു പ്രസിദ്ധ സ്പോർട്ട്സ്മാൻ കൊലക്കുറ്റത്തിനു വിചാരണ നേരിട്ടുകൊണ്ടിരിക്കയായിരുന്നു. അമേരിക്കയിൽ ജീവിച്ചുകൊണ്ട് ഈ മനുഷ്യന്റെ പേരോ, ചുമത്തപ്പെട്ട കുറ്റമോ അറിയാതിരിക്കുക. വിഷമമാണ്. അതുപോലെ, യേശു എന്ന പേർ അന്നു യെരുശലേമിലുണ്ടായിരുന്ന എല്ലാവരുടെ നാവിലും ഉണ്ടായിരുന്നേക്കാം. അതു നിഷേധമായിട്ടായാലും ക്രിയാത്മകമായിട്ടായാലും ശരി. [33]വീണ്ടും പത്രോസ് സൂചിപ്പിച്ചതു പാലസ്തീനിലുണ്ടായിരുന്നവരെ, ആയിരിക്കാം. എന്നാൽ യെഹൂദന്മാർ ഒരു ദേശമായി യേശുവിനെ തള്ളിക്കളയാത്തവരായിരുന്നു (യോഹന്നാൻ 1:11). അതുകൊണ്ട്, അവർ എവിടെ താമസിക്കുന്നു എന്നതു പ്രശ്നമാക്കാതെ യേശുവിനെ "ക്രൂശിൽ തറെക്കുന്ന" കുറ്റം പൊതുവിൽ *എല്ലാവരി*ലുമുണ്ടായിരുന്നു. [34]മൂലഭാഷയിൽ പറഞ്ഞിരുക്കുന്നതു "അധർമ്മികൾ" എന്നാണ്, യേശുവിനെ ക്രൂ ശിൽ തറെച്ചെങ്കിലും അവർ യെഹൂദന്മാരുടെ ഇഷ്ടമനുസരിച്ചാണ് ചെയ്തത്. അതാണ് പത്രോസ് പറഞ്ഞതു, "നിങ്ങൾ ധഅവനെപ ക്രൂശിൽ തറെപ്പിച്ചു കൊന്നു"

എന്ന്. [35]ചില ബൈബിൾ വിഷയങ്ങൾ വെല്ലുവിളി ഉയർത്തുന്നതാണ്. ദൈവത്തിനു കാര്യങ്ങൾ സംഭവിക്കുന്നതിനുമുൻപു, എല്ലാം അറിയാം, നമുക്കു അതേ സമയം സ്വതന്ത്രമായി ചിന്തിച്ചു പ്രവർത്തിക്കുവാനുള്ള അവസരവും തന്നിട്ടുണ്ട്? ദൈവത്തിനു എല്ലാം അറിയാവുന്നതുകൊണ്ട്, എന്തു സംഭവിക്കു എന്നതും അവന് അറിയാവുന്നതുകൊണ്ടും, ഇന്നലെ *സംഭവിച്ച*തിന്റെ ഉത്തരവാദിത്വത്തിൽ നിന്നു അതിനിരയായവർക്കു ഒഴിഞ്ഞു മാറാവുന്നതല്ല എന്നു നമുക്കറിയാം. നമുക്കു ഇതിൽ പ്രശ്നം നേരിടുന്നില്ലെങ്കിലും പത്രോസിനും അവന്റെ കേൾവിക്കാർക്കും പ്രശ്നമൊന്നും ഇക്കാര്യത്തിലില്ലായിരുന്നു. [36]യേശുവിന്റെ മരണത്തെയും, ഉയിർപ്പിനെയും, തന്റെ അനുയായികൾക്കു പലപ്പോഴായി മുന്നറിയിച്ചിരുന്നെങ്കിലും യേശു മരിച്ചപ്പോൾ അവർ വിചാരിച്ചതു എല്ലാം നഷ്ടപ്പെട്ടു എന്നാണ് (മർക്കൊസ് 8:31; 9:12, 31; 10:33; ലൂക്കോസ് 17:25; 18:31–33). [37]ഒരു *ദാസനായി* യേശു കഷ്ടതയേറ്റു (പ്രവാചകന്മാർ മുന്നറിയിച്ചതുപോലെ). അതു രേഖപ്പെടുത്തിയ പത്രോസിന്റെ രണ്ടാമത്തെ പ്രസംഗത്തിൽ ഊന്നി പറയുന്നു (3:18). പ്രവൃത്തി 2:40 പ്രകാരം പത്രോസിന്റെ ആദ്യ പ്രസംഗത്തിന്റെ *ചുരുക്കമേ* നമുക്കുള്ളൂ. ലൂക്കോസ് വിവരണങ്ങൾ പകർപ്പാക്കുകയായിരുന്നില്ല; *അനുബന്ധം* പിന്നീട് ചേർക്കുകയായിരുന്നു. രണ്ടാം പ്രസംഗത്തിലേക്കെന്നപോലെ ഒന്നാമത്തേതിലും (പ്രവൃത്തി 3) അതുപോലെ കൊർന്നേല്യോസിന്റെ ഭവനത്തിലെ പ്രസംഗത്തിലും (പ്രവൃത്തി 10) കൂടുതലായി അവതരിപ്പിച്ചിരക്കും. [38]പുനരുത്ഥാനത്തിൽ വിശ്വസിക്കുന്നവർക്കു ഇപ്പോഴും ഉത്തരം പറയേണ്ട ചോദ്യമാണിത്. ക്രിസ്ത്യാനിത്വത്തെ നശിപ്പിക്കുവാൻ ശ്രമിച്ച ശത്രു നിര യേശുവിന്റെ ശരീരമെങ്കിലും നിന്നു കാണിക്കാമോ എന്നു പരിശ്രമിച്ചെങ്കിലും കഴിഞ്ഞില്ല. യേശുവിന്റെ ശരീരം മോഷ്ടിച്ചുകൊണ്ടുപോയി എന്നു വരാതിരിക്കാൻ പറ്റിയ എല്ലാ ഏർപ്പാടുകളും ചെയ്തിരുന്നു. പിറ്റെദിവസം കല്ലറ ശൂന്യമായി കണ്ടു എന്നതും പൊതുവിൽ എല്ലാവരും അറിഞ്ഞു കഴിഞ്ഞിരുന്നു. ആ ശരീരം എന്തു സംഭവിച്ചു? യേശുവിന്റെ സ്നേഹിതന്മാർ എടുത്തിരിക്കാനിട*യില്ല*. യേശുവിന്റെ ശത്രുക്കളും എടുത്തിരിക്ക*യില്ല*. എങ്കിലും അതു അവിടെയുണ്ടായിരുന്നില്ല. എങ്കിലും, അതു അവിടെയുണ്ടായിരുന്നില്ല പത്രോസ് പറഞ്ഞു, ഫലത്തിൽ, ഈ പരിഭ്രാന്തിക്കുള്ള ഉത്തരമായി: യേശു മുന്നറിയിച്ചതുപോലെ *ഉയിർത്തെഴുന്നേറ്റു*. [39]RSV യാണ് തർജ്ജിമയിൽ മൂലഭാഷയിലേതു വേദഭാഗത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. [40]ജനനത്തിൽ സങ്കീർണ്ണത അനുഭവപ്പെട്ടേക്കാം, എന്നാൽ സാധാരണയായി നടത്തിയ പ്രസ്താവന സത്യമായിരുന്നു.

[41]മറ്റു തെളിവൊന്നുമില്ലെങ്കിലും, അപ്പൊസ്തലന്മാരുടെ ജീവിതത്തിലുണ്ടായ നാടകീയമാറ്റം മതിയാകും വിശ്വസിക്കുവാൻ ഉയിർത്തെഴുന്നേറ്റ കർത്താവിനെ നേരിട്ടു കണ്ടവരിലുണ്ടായ മാറ്റം വിവരിക്കൽ മറ്റൊന്നിനുമാവില്ല. [42]3 അദ്ധ്യായത്തിലെ പത്രോസിന്റെ പ്രസംഗത്തിൽ അവൻ മോശെ, യെരയ്യാവു, തുടങ്ങിയ പ്രവാചകന്മാരെ ഉദ്ധരിച്ചിട്ടുണ്ട്. ഒന്നാമത്തെ പ്രസംഗത്തിൽ, ലൂക്കോസ് രേഖപ്പെടുത്താത്ത പ്രവചനങ്ങളും ഉദ്ധരിച്ചിരിക്കാം. എങ്ങനെയായാലും, പത്രോസ് *പ്രാധമികമായി* അപേക്ഷിച്ചതു *ദാവീദിന്റെ* എഴുത്തു ശ്രദ്ധിക്കുവാനായിരുന്നു. [43]സങ്കീർത്തനങ്ങൾ 16:8–11 പഴയനിയമത്തിൽ നിന്നാണ് പത്രോസ് ഉദ്ധരിച്ചത്, പഴയനിയമം (എബ്രായ ഭാഷയിൽ നിന്നു തർജ്ജിമ ചെയ്താതാകകൊണ്ട്) അല്പ വ്യത്യാസം തോന്നിയേക്കാം. [44]മൂലഭാഷയിൽ *സുക്കെ* എന്നാണ്, “ആത്മാവ്” എന്നതിനു പറഞ്ഞിരിക്കുന്നത്. [45]നിർഭാഗ്യവശാൽ ഗദ്യതർജ്ജിമ

ചെയ്തിരിക്കുന്നത് "നരകം" എന്നാണ്. ഇവിടെ മൂലഭാഷയിൽ "ഗെഹെന്നാ" എന്ന വാക്കല്ല ഉള്ളത് (ദുഷ്ടന്മാർക്കുളള നിത്യവാസസ്ഥലം; അതായത്., നരകം). ഗ്ലോസറിയിലെ "പാതാളം" "നരകം" നോക്കുക. [46]ദാവീദിനെ ബാധിക്കുന്ന ഒരസാധാരണ പ്രയോഗമാണിത്. ഒരുപക്ഷേ ദാവീദിനെ യിസ്രായേലിന്റെ *ആത്മിയ* പിതാവായി, ഊന്നി പറഞ്ഞിരിക്കയാവാം. അല്ലെങ്കിൽ ഒരുപക്ഷേ അവൻ ഒരേ രാജവംശത്തിനുടമയായതുകൊണ്ടാകാം. [47]1 രാജാക്കന്മാർ 2:10ഉം നെഹമ്മ്യാവ് 3:16ഉം ശ്രദ്ധിക്കുക. ദാവീദിന്റെ കല്ലറയിലേക്കുള്ള പ്രവേശന കവാടം ഹെരോദാവ് വെള്ളമാർബിൽ ഒരു സ്മാരകം പണിതിരുന്നു. പട്ടണത്തിൽ അതൊരു പ്രധാന കാഴ്ച്ചയായിരുന്നു. [48]പഴയനിയമത്തിൽ ദാവീദിന്റെ സംഭവം പഠിക്കുമ്പോൾ എളുപ്പത്തിൽ വിട്ടുപോയേക്കാവുന്ന മോചിപ്പിക്കപ്പെടുന്ന കാര്യമാണിത്. കർത്താവിന്റെ ആത്മാവ് ദാവീദിന്റെ വന്നു എന്നു 1 ശമുവേൽ 16:13 വ്യക്ത്മാക്കുന്നു (2 ശമുവേൽ 23:2), പക്ഷേ ദാവീദിന്റെ "പ്രവാചനകനായി" പഴയനിയമത്തിൽ പറഞ്ഞിട്ടില്ല. യെഹൂദന്മാർ ദാവീദിനെ പ്രവാചകനായി ഗണിച്ചിരുന്നു, മറ്റു പഴയ പുസ്തകങ്ങളേക്കാൾ കൂടുതൽ സങ്കീർണ്ണങ്ങളാണ് പുതിയ നിയമത്തിൽ ഉദ്ധരിച്ചിരിക്കുന്നത്. [49]സങ്കീർത്തനങ്ങൾ 132:11 നോക്കുക. 2 ശമുവേൽ 7ലെ വാഗ്ദാനം, ദക്ഷിണയെഹൂദാ ദേശത്തിലെ ദാവീദിന്റെ പിൻഗാമിയായ ശലോമോൻ ഭരിച്ചപ്പോൾ ഭാഗികമായി നിറവേറി. ഇതിന്റെ പൂർണ്ണമായ നിറവേറൽ, എങ്ങനെയായാലും, യേശു (ദാവീദിന്റെ പിൻഗാമി, മത്തായി 1:1–16) സ്വർഗ്ഗാരോഹണം ചെയ്തു പിതാവിന്റെ വലത്തുഭാഗത്തു ദാവീദിന്റെ സിംഹാസനത്തിലിരുന്നപ്പോൾ നിറവേറി (2:33). [50]"ക്രിസ്തു" എന്ന വാക്ക് ഇതാദ്യമായാണ് പ്രവൃത്തികളുടെ പുസ്തകത്തിൽ ഉപയോഗിച്ചത്. "ക്രിസ്തു" എന്ന ഗ്രീക്ക് വാക്ക് എബ്രായർ പദമായ "മശിഹ" ആണ്. രണ്ടിന്റെയും അർത്ഥം "അഭിഷിക്തൻ" എന്നാണ്. ഗ്ലോസറിയിൽ "ക്രിസ്തു" എന്ന വാക്ക് നോക്കുക.

[51]ഞാൻ എഴുതിയതെല്ലാം വിശദമായി ദാവീദ് മനസിലാക്കേണ്ടിയിരുന്നില്ല. പ്രവാചകന്മാർ, ദൈവശ്വാസിയമായി, സംസാരിച്ചതു മുഴുവൻ അവർക്കു അപ്പോഴല്ല, പിൽക്കാലത്താണ് മനസിലായത്. അതു അവരുടെ വാക്കുകൾ ദൈവശ്വാസീയരായ വക്താക്കളോ എഴുത്തുകാരോ വ്യാഖ്യാനിച്ചപ്പോഴായിരുന്നു. [52]യേശുവിന്റെ ശരീരം രണ്ടു മുഴുവൻ ദിവസവും ഒരു ദിവസത്തിന്റെ ഒരു ഭാഗവും കല്ലറയിലായിരുന്നു. യെഹൂദ കണക്കനുസരിച്ച്, അതു മൂന്നു ദിവസമായി കണക്കാക്കും. [53]NIV തുടങ്ങിയ തർജ്ജിമക്കാർ ഹേഡസ് എന്നാണ് വ്യാഖ്യാനിക്കുന്നതു, സങ്കീർ ത്തനങ്ങൾ 16–ൽ പറഞ്ഞതിനാൽ യേശുവിന്റെ ശരീരം "കല്ലറ" യിൽ ജീർണ്ണിക്കുവാൻ അനുവദിച്ചില്ല എന്നർത്ഥം. "ഹേഡസ്" എന്ന വാക്കാണ് കൂടുതൽ യോജിക്കുന്നത്. 27–ാം വാക്യം "അദൃശ്യലോകത്തെ" സൂചിപ്പിക്കുന്നു. [54]ബൈബിളിൽ ഏതാനും പേർ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേറ്റിട്ടുണ്ട്. എ ന്നാൽ അതു താല്ക്കാലികമായിരുന്നു. അവരെല്ലാം വീണ്ടും മരിച്ചു. അങ്ങനെ അവരുടെ ശരീരങ്ങൾ വീണ്ടും "കല്ലറയിലായി." അവരുടെ ആത്മാക്കൾ പാതാളത്തിലായി വീണ്ടും മരിക്കാതിരിക്കാൻ ഉയിർത്തെഴുന്നേറ്റവൻ യേശു മാത്രമായിരുന്നു. [55]ഈ ലോകത്തിൽ അവർക്കു കഷ്ടതയും പരീക്ഷണങ്ങളും ഉണ്ടാകുമെന്നു യേശു പറഞ്ഞിരുന്നു (യോഹന്നാൻ 15:18–21). യേശു മുന്നറിയിച്ചതുപോലെ ഉപദ്രവങ്ങൾ പെട്ടെന്നു സംഭവിച്ചുതുടങ്ങി (പ്രവൃത്തി 4:1–3). അവസാനം, പത്രോസിനെ കേട്ടുകൊണ്ടിരുന്നവരുടെ മുൻപിൽ

നിന്ന ഒരാളൊഴിച്ച് മറ്റെല്ലാവരും അവന്റെ വിശ്വാസത്തിനായി മരിച്ചു (പുരാതന പാരമ്പര്യ പ്രകാരം, യോഹന്നാൻ ഒഴിച്ച് മറ്റെല്ലാ അപ്പൊസ്തലന്മാരും രക്തസാക്ഷികളായിതീർന്നു, യോഹന്നാനെ, പത്മൊസ് ദ്വീപിലേക്കു നാടു കടത്തപ്പെട്ടു). [56]യേശു മുമ്പ് ഈ വാക്കുകൾ തന്റെ ശത്രുക്കളോടു പറഞ്ഞിരുന്നു (മത്തായി 22:43). അതു ആദ്യ ക്രിസ്തീയ എഴുത്തുകാർക്കിഷ്ടപ്പെട്ടതായിരുന്നു (1 കൊരിന്ത്യർ 15:25; എഫെസ്യർ 1:20, 22; എബ്രായ 1:13; 5:6–10). [57]"കർത്താവ്" എന്നതിനു ഗ്രീക്കിൽ ഉപയോഗിച്ചത് രണ്ടു സ്ഥലത്തും *കുറിയോസ്* എന്നാണ്. സങ്കീർത്തനങ്ങൾ 110:1–ൽ എബ്രായ ഉപയോഗം ആദ്യം "ജെഹോവ" അല്ലെങ്കിൽ "യാവേഹ്" എന്നും പിന്നെ "അഡോനായി" ("കർത്താവ്") എന്നുമാണ്. പത്രോസ് ഗ്രീക്കു തർജ്ജിമയിൽ, നിന്നാണ് ഉദ്ധരിച്ചിരിക്കുന്നതെങ്കിലും ഗ്രന്ഥ തർജ്ജിമക്കാർ പരിശുദ്ധാത്മാവ് ഉപയോഗിച്ച രണ്ടു വാക്കും മനസിൽ വെച്ചുകൊണ്ടാണ് അങ്ങനെ പറഞ്ഞിരിക്കുന്നതു. [58]"ദാവീദിന്റെ സിംഹാസനം" എന്നോ അതിനു തുല്യമായിട്ടോ പുതിയനിയമത്തിൽ ഉപയോഗിച്ചിട്ടില്ല. ഇതിനുശേഷം, നാം വായിക്കുന്നതെല്ലാം ദൈവത്തിന്റെ/യേശുവിന്റെ സിംഹാസനമെന്നോ മാത്രമാണുള്ളത്. [59]ആയിരമാണ്ടു വാഴ്ച്ചക്കാർ പഠിപ്പിക്കുന്നത് ക്രിസ്തു ഭൂമിയിൽ മടങ്ങി വന്നു, യെരുശലേമിൽ രാജ്യം സ്ഥാപിച്ചു, അക്ഷരികമായി ("ദാവീദിന്റെ സിംഹാസനത്തിൽ") ഇരുന്നു ആയിരമാണ്ട് വാക്യം എന്നാണ്. യേശു രാജ്യം സ്ഥാപിച്ചു കഴിഞ്ഞുവെന്നും, യേശു ദാവീദിന്റെ സിംഹാസനത്തിൽ, സ്വർഗ്ഗത്തിൽ ഇരുന്നു ആണ് ഭരിക്കുന്നതു എന്നു മനസിലാക്കുന്നതിൽ അവർ പരാജയപ്പെട്ടിരിക്കുന്നു. [60]"ദൈവം അവനെ ആക്കി" എന്നു പറയുന്നതിൽ അവൻ മശിഹയല്ല എന്നു വരുന്നില്ല. അവൻ ഉയിർത്തെഴുന്നേല്ക്കുന്നതിനു മുൻപ് അവൻ മശിഹയാണെന്നു സമ്മതിച്ചിരുന്നു (മർക്കൊസ് 14:61, 62). "അവനെ ... ദൈവം" മരിച്ചവരിൽ നിന്നു ഉയിർപ്പിച്ചു എന്നു പറഞ്ഞതിലൂടെ എല്ലാ മനുഷ്യരെയും അവൻ മശിഹയാണെന്നു *അറിയിക്കയായിരുന്നു* (റോമർ 1:4).

[61] ഈ സാമ്യം ഞാൻ ആദ്യമായി കേട്ടത് ജെയിംസ് ഓ ബെർയേർഡിൽ നിന്നാണ്.

| അ: പ്രവൃത്തിയിലെ പരിവർത്തന ഉദാഹരണങ്ങൾ | | | | | |
|---|---|---|---|---|---|
| **പ്രസംഗം** | **വിശ്വസിച്ചു** | **മാനസാന്തരപ്പെട്ടു** | **ഏറ്റു പറഞ്ഞു** | **സ്നാന മേറ്റു** | **രക്ഷി ക്കപ്പെട്ടു** |
| **യെഹൂദന്മാർ പ്രവൃത്തി 2** | "അവരുടെ ഹൃദയത്തിൽ കുത്തുകൊണ്ടു" (വാക്യം 37) | "മാനസാന്തരപ്പെടുക" (വാക്യം 38) | "യേശുക്രിസ്തുവിന്റെ നാമത്തിൽ [മേൽ]" (വാക്യം 38) | "സ്നാനമേല്പിൻ" (വാക്യം 38); "സ്നാനമേറ്റു" (വാക്യം 41) | "പാപമോചനത്തിനായി" (വാക്യം 38) |
| **ശമര്യക്കാർ പ്രവൃത്തി 8** | "അവർവിശ്വസിച്ചപ്പോൾ" (വാക്യം 12) | | | "അവർ സ്നാനമേറ്റു" (വാക്യം 12) | |
| **ഐത്യോപ്യക്കാരൻ പ്രവൃത്തി 8** | ["നീവിശ്വസിക്കുന്നുവെങ്കിൽ"] (വാക്യം 37) | | ["യേശു ദൈവപുത്രൻ എന്നു ഞാൻ വിശ്വസിക്കുന്നു" (വാക്യം 37)] | "സ്നാനമേറ്റു" (വാക്യം 36); "അവൻസ്നാനമേറ്റു" (വാക്യം 38) | "സന്തോഷത്തോടെ അവന്റെവഴിക്കുപോയി" (വാക്യം 39) |
| **ശൗൽ പ്രവൃത്തി 9; 22; 26** | | ഉപവസിച്ചും പ്രാർത്ഥിച്ചും (9:9, 11) | "കർത്താവ്" (9:5) | "സ്നാനമേറ്റു" (9:18); "സ്നാനമേറ്റു" (22:16) | "നിന്റെ പാപങ്ങളെ കഴുകികളക" (22:16) |
| **കൊർന്നല്യോസ് പ്രവൃത്തി 10; 11** | "അവനിൽ വിശ്വസിക്കുന്നു" (10:43) | "ജീവനിലേക്കുള്ള മാനസാന്തരം" (11:18) | | "സ്നാനമേറ്റു" (10:47) "സ്നാനപ്പെടുവാൻ ... കല്പിച്ചു" (10:48) | "പാപമോചനത്തിന്" (10:43) |
| **ലുദിയ പ്രവൃത്തി 16** | | | | "സ്നാനമേറ്റു" (വാക്യം 15) | |
| **കാരാഗൃഹപ്രമാണി പ്രവൃത്തി 16** | "കർത്താവിൽ വിശ്വസിച്ചു" (വാക്യം 31); "വിശ്വസിച്ചു" (വാക്യം 34) | "മുറിവുകളെ കഴുകി" (വാക്യം 33) | | "സ്നാനമേറ്റു" (വാക്യം 33) | "നീ രക്ഷിക്കപ്പെടും" (വാക്യം 31); "സന്തോഷിച്ചു" (വാക്യം 34) |
| **കൊരിന്ത്യർ പ്രവൃത്തി 18** | "വിശ്വസിച്ചു" (വാക്യം 8) | | | "സ്നാനം ... ഏറ്റു" (വാക്യം 8) | |

പ്രവർത്തികളുടെ പുസ്തകത്തിലെ പരിവർത്തനങ്ങളുടെ ചാർട്ട്